# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/344/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/02/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/344/2022 തീയ്യതി: 24/02/2022

## കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 14-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.കെ.മോഹനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അൻസാർ.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വിജയലക്ഷ്മി.സി.എച്ച് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. രജിത്ത്.ടി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. വിജ്ഞനേഷ്.എസ്.എൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. എം.ബബിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സുനിത ശ്രീധർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. ജെന്നി.കെ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനീത.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺകുമാർ.ഇ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്വീറ്റി.എസ് | അസി. എഞ്ചിനിയർ | 01-04-2019 | 31-07-2019 |
| ശ്രീ. സുധീഷ് കുമാർ | അസി. എഞ്ചിനിയർ | 19-08-2019 | 27-08-2019 |
| ശ്രീമതി. ദീപശ്രീ.പി.എസ് | അസി. എഞ്ചിനിയർ | 29-08-2019 | 31-03-2020 |
| ശ്രീമതി. ശിജിന.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 23-02-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 23-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 23-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 23-02-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 23-02-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-6-1 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-9 |
| 14 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-10 |
| 15 | മതിയായ പാർക്കിംഗ് ഏരിയയില്ലാതെ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപ്പേഷനും അനുവദിച്ചു- കെട്ടിട നിർമ്മാണ ചട്ട ലംഘനം പരിശോധിക്കപ്പെട്ടില്ല.<br>Written By: Vijesh K.K (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-11 |

| | | |
|---|---|---|
| 16 | പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-12 |
| 17 | വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതി നഷ്ടം<br>Written By: Vijesh K.K (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-13 |
| 18 | മുഴുവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച<br>Written By: Vijesh K.K (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-14 |
| 19 | I.S.O. അംഗീകാരം നേടൽ -പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-15 |
| 20 | കുടിവെള്ള വിതരണം -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-16 |
| 21 | എസ്.എസ്.എ.വിഹിതം-അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായതുകമാത്രം അടവാക്കുന്നു<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-17 |
| 22 | പൗരാവകാശരേഖ പ്രസിദ്ധീകരണം- ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനത്തിന് തുക നൽകിയതിലെ അവ്യക്തതയും-വിതരണ വിവരം ലഭ്യമല്ലാത്തതും<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-18 |
| 23 | രൂപീകരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ നൂറിൽപ്പരം -നിർവ്വഹണം നടത്തുന്നവ തുച്ഛം<br>Written By: Jayan P (Senior Grade Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-19 |
| 24 | ഹോമിയോ ഡിസ്പെൻസറി- സ്ഥലത്തിന് കൃത്യമായ രേഖകളില്ല- അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കാൻ സാധിക്കുന്നില്ല<br>Written By: Jayan P (Senior Grade Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-20 |
| 25 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-21 |
| 26 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-22 |
| 27 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-23 |
| 28 | ജലനിധി എകൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് - വിശദവിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: M.Karunakaran (Audit Officer, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-24 |
| 29 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-25 |

| | | |
|---|---|---|
| 30 | ഒന്നാം ഗഡു ലഭിച്ച് രണ്ടു വർഷത്തോളമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-26 |
| 31 | എം.സി.എഫ്- അടിസ്ഥാനസൌകര്യങ്ങളും തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങളുമില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Jayan P (Senior Grade Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-27 |
| 32 | അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല-<br>Written By: Jayan P (Senior Grade Auditor, On 21-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-28 |
| 33 | അനർഹരായ ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണം പൂർത്തിയായില്ല<br>Written By: Jayan P (Senior Grade Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-29 |
| 34 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം<br>Written By: Shibin K S (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | I.S.O. അംഗീകാരം നേടൽ -പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത<br>Written By: M.Karunakaran (Audit Officer, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 21-02-2022)<br>Last Updated By: Shibin K S (Auditor, On 21-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Shibin K S (Auditor, On 22-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Shibin K S (Auditor, On 22-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Shibin K S (Auditor, On 22-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Shibin K S (Auditor, On 22-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 22-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Shibin K S (Auditor, On 15-02-2022)<br>Last Updated By: Shibin K S (Auditor, On 15-02-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 23-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 15-02-2022)<br>Last Updated By: Vasudevan M (Deputy Director, On 24-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 16.22020- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 2 തീരുമാനം (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് ഭരണസമിതി അംഗീകരിച്ചതായും കാണുന്നില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികളും ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളട ങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ച് നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. ഭരണസമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 131437578 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 99792425രൂപ മാത്രമാണ് അതെപോലെതന്നെ ചെലവ് ബജറ്റ് പ്രകാരം 119349695 രൂപയും യഥാർത്ഥ ചെലവ് 92225436 രൂപയുമാണ്. പഞ്ചായത്തിന്റെ നികുതി വരവുകളിൽ തന്നെ ചില വരവിനങ്ങളിൽ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവിനെക്കാൾ കൂടുതൽ യഥാർത്ഥ വരവുകാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| കെട്ടിട വാടക | 522000 | 565656 |
| ഫീസ്& യൂസർ ചാർജ് | 1122500 | 2072909 |

അതേപോലെതന്നെ വാർഷിക കണക്കുപ്രകാരം റവന്യൂ ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഇനങ്ങളിൽ ബജറ്റ് പ്രകാരം 47056315 രൂപ പ്രതീക്ഷിത വരവു രേഖപ്പെടുത്തിയപ്പോൾ ഈ ഇനത്തിൽ യഥാർത്ഥ വരവ് 89776129 രൂപയുണ്ട്. അതെ പോലെതന്നെ ഓപ്പറേഷൻ&മെയിന്റനൻസ് വിഭാഗത്തിൽ മൊത്തം പ്രതീക്ഷിത ചെലവ് 1391000 രൂപയുള്ളപ്പോൾ യഥാർത്ഥ ചെലവ് 89776129 രൂപയുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 30.05.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ കളക്ഷൻ 14,19,460 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ് മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 13,98,560 രൂപയാണ് .

2. 2019-20 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ(അരിയർ) ഇനത്തിൽ 2,886 രൂപയും വസ്തുനികുതി നോൺ-റസിഡൻഷ്യൽ(അരിയർ) ഇനത്തിൽ 780 രൂപയും കളക്ഷൻ രേഖപ്പെടുത്തിയിട്ടു ണ്ട്. എന്നാൽ 2018-19 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല.

3. വാടക രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ Rent From Buildings ഇനത്തിലെ കളക്ഷൻ 5,41,111 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ് മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Rent From Buildings ഇനത്തിലെ കളക്ഷൻ തുക 5,38,275 രൂപയാണ് .

4. വസ്തുനികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, വില്ല്യാപ്പള്ളി, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67392310814) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മെന്റ് തീയതി | തുക |
|---|---|
| 05.10.2019 | 2,052 |
| 29.10.2019 | 1,859 |

5. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 പ്രകാരം Permit Fee For Construction Of Bulidings ഇനത്തിൽ 2,52,013 രൂപയും Bulidung Regularisation Fee ഇനത്തിൽ 2,15,018 രൂപയും കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസിന്റെയും റഗുലറൈസേഷൻ ഫീസിന്റെയും 2019-20 വർഷത്തെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ഡെപ്പോസിറ്റ് ഇനത്തിൽ 2018-19 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2019-20 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2019-20 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 31,95,504 രൂപയും 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 31,42,168 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

7. 2019-20 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം ക്ഷേമപെൻഷനുകൾക്കായ്(കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ) ചെലവഴിച്ച ആകെ തുക 2,67,85,400 രൂപയാണ്. എന്നാൽ സേവന(പെൻഷൻ) സോഫ്റ്റ് വെയറിൽ നിന്ന് ലഭിച്ച 2019-20 വർഷത്തെ റിപ്പോർട്ട് പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിത രായ

സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിലെ ആകെ ചെലവഴിച്ച തുക 1,61,58,00 ആണ്.

8. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-13 Operations&Maintenance ഷെഡ്യൂളിലെ 230110101-Water Charges For Drinking Water Schemes ഹെഡിൽ 40,33,225 ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ജലനിധി നിർമ്മാണ പദ്ധതിക്കായുള്ള തുക ഹെഡ് മാറി ബുക്ക് ചെയ്തുകൊണ്ടാണ് Water Charges For Drinking Water Schemes ഹെഡിൽ വലിയ തുക ചെലവായി വന്നിരിക്കുന്നത്.

9. 2019-20 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 6,67,451 രൂപയാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 5,27,587 രൂപയാണ്.

10. എം.എൻ.ആർ.ഇ.ജി.എ-യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 2,15,22,693 രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വരുമാനം ₹2,15,26,459/- ആണ്.

11. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

12. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറി ച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,96,78,658 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,30,78,368 |
| ആകെ | 8,27,57,026 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,12,41,684 |
| നീക്കിയിരിപ്പ് | 3,15,15,342 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,43,92,206 | 1,43,92,206 | 1,23,81,970 | 20,10,236 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 17,86,000 | 17,86,000 | 7,36,500 | 10,49,500 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1,69,000 | 1,69,000 | - | 1,69,000 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,09,17,000 | 1,09,17,000 | 68,73,068 | 40,43,932 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 44,27,000 | 44,27,000 | 16,55,971 | 27,71,029 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,12,94,784 | 1,12,94,784 | 14,47,794 | 98,46,990 |
| പൈക്ക | 1,11,502 | 3,798 | 1,15,300 | - | 1,15,300 |
| ഐ.സി.ഡി.എസ് | 3,97,101 | 9,46,402 | 13,43,503 | 7,55,353 | 5,88,150 |
| സാക്ഷരത | 2,929 | 117 | 3,046 | - | 3,046 |
| എം.പി.ഫണ്ട് | 8,977 | 13,45,673 | 13,54,650 | 13,31,808 | 22,842 |
| ജലനിധി | 19,00,452 | 1,13,50,766 | 1,32,51,218 | 59,68,813 | 72,82,405 |
| ശുചിത്വമിഷൻ ഗ്രാന്റ് | 18,01,538 | 1,90,000 | 19,91,538 | 5,69,182 | 14,22,356 |
| കേരളോത്സവം | - | 20,000 | 20,000 | 20,000 | - |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു,

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി),ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 7,69,52,978 | 1,79,14,092 |
| വികസനഫണ്ട് (എസ്.സി.പി) | 33,55,030 | 19,55,030 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,37,42,000 | 1,31,42,000 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3)ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക(4,55,00,000) വാർഷിക കണക്കിലെ തുകയുമായി(9,46,402) പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 190 | 83 | 6 | 101 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 190 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ കേവലം 89 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. വിവിധ പ്രൊജക്ടുകൾ ക്കായി 89239836 രൂപ വകയിരുത്തിയതിൽ കേവലം 2808742 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 11294784 | 1447794 | 9846990 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4427000 | 1655971 | 2771029 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7295000 | 1965303 | 5329697 |
| വികസന ഫണ്ട് ജനറൽ | 14392206 | 12381970 | 2010236 |
| വികസന ഫണ്ട് -SCP | 1786000 | 736500 | 1049500 |
| ആകെ - | 39194990 | 18187538 | 21007452 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 39194990 രൂപയിൽ 18187538 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്ക പ്രകാരം 4571153 രൂപ വിവിധ പ്രൊജക്ടുകൾ പ്രകാരം ക്യൂബിൽ ആയിട്ടുണ്ട്. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ ഏകദേശം 1.64 കോടിയിൽപ്പരം രൂപ പ്രൊജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തിക വർഷം പ്രകടമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 117 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 37 പ്രൊജക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്യൂബിൽ ആയ 11 ബില്ലുകൾ കൂടി പരിഗണിച്ചാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ ആയുർവേദം, D.F.I എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരൊന്നും തന്നെ മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം, എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥ രുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ട്. മറ്റ് പഞ്ചായത്തുകളിൽ നിന്നും വിഭിന്നമായി പഞ്ചായത്ത്തല ആസൂത്രണസമിതി പ്രൊജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും കാര്യമായ പങ്ക് വഹിക്കുന്നതായി മിനുട്സ് പരിശോധനയിൽ വ്യക്തമാവുന്നു. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. ഉദാ- 4.2.19 ,16-2.19 തീയതികളിൽ ചേർന്ന കൃഷി അനുബന്ധ മേഖലകളിലെയും വർക്കിംഗ് ഗ്രൂപ്പ് 3 പേർ മാത്രം പങ്കെടുത്ത് തീരുമാനങ്ങൾ കൈകൊണ്ടുകാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാംതന്നെ യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗ മിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 319 | 7,60,529 | 7,60,848 | 7,56,761 | 4,087 |
| ഗുണഭോക്താക്കൾക്ക് | 0 | 2,07,65,932 | 2,07,65,932 | 2,07,65,932 | 0 |

| | | | | | |
|---|---|---|---|---|---|
| നല്കുന്ന തുക | | | | | |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ 2019-20 വർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 19 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 10,044 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 8,393 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2,524 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1,381 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 44.14 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 483 |
| വകയിരുത്തിയ തുക | 2,21,31,667 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 122 |

| | |
|---|---|
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 1,65,47,891 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 6,73,282 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്ക് നൽകി തൻവർഷം ലഭിച്ച തുക | 3,04,770 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 2,07,65,932 |

### 1-6-1 തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടർ മുഖേന ഒന്നായി സമാഹരിക്കുന്നതിന് പകരം ഓരോ പ്രവൃത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കൈകൊണ്ട ടെണ്ടറുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തെ 3 പ്രവൃത്തികൾ റീടെണ്ടർ ചെയ്തതുൾപ്പടെ ആകെ 22 പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ എല്ലാ ടെണ്ടറുകളിലും രണ്ട് പേർ വീതം പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റേ ആൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലുള്ള തുകയും ക്വാട്ട് ചെയ്യുന്നതായാണ് കാണുന്നത്. ഇങ്ങനെ കേവലം രണ്ടോ, മൂന്നോ വ്യക്തികളോ, സ്ഥാപനങ്ങളോ മാറി മാറി എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ഏറ്റെടുക്കുന്ന സാഹചര്യമാണ് സാമ്പത്തിക വർഷം നിലനിൽക്കുന്നത് . ഇപ്രകാരം കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,680 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 22,39,200 | 415 |
| വിധവാ പെൻഷൻ | 84,85,800 | 1493 |
| വാർദ്ധക്യകാല പെൻഷൻ | 1,30,25,700 | 2346 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 26,33,300 | 461 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,01,400 | 72 |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ഷരീഫ, മൊട്ടംതറമ്മൽ, മയ്യന്നൂർ | വിധവ പെൻഷൻ | 03.04.2019 | 11.07.2019 |
| 2 | ആയിഷ, പുതിയോട്ടിൽ, മയ്യന്നൂർ | | 20.04.2019 | 03.08.2019 |
| 3 | പാത്തു, കുയിയിൽ, വില്ല്യാപ്പള്ളി | | 02.09.2019 | 08.11.2019 |
| 4 | ജമീല, കല്ലുള്ളതിൽ, വില്ല്യാപ്പള്ളി | | 09.12.2019 | 26.02.2020 |
| 5 | ലീല, കല്ലിൽ, മേമുണ്ട | കർഷകത്തൊഴിലാളി പെൻഷൻ | 04.04.2019 | 03.07.2019 |
| 6 | നാരായണൻ.ടി, ഉണ്ടിയിൽ, കീഴൽ | | 03.07.2019 | 30.12.2019 |

| | | | | |
|---|---|---|---|---|
| 7 | ശാന്ത, തത്തംകുനി,വില്ല്യാപ്പള്ളി | | 10.07.2019 | 30.12.2019 |
| 5 | ഫാത്തിമത്ത് റാനിയ, നദീറ മൻസിൽ, മേമുണ്ട | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 01.04.2019 | 11.07.2019 |
| 6 | ഗഗന.വി.കെ, മുന്നംറ്റംപറമ്പത്ത്, വില്ല്യാപ്പള്ളി | | 16.05.2019 | 03.08.2019 |
| 7 | അറഫാത്ത്, മനത്താമ്പ്ര, വില്ല്യാപ്പള്ളി | | 10.07.2019 | 08.11.2019 |
| 8 | കദീശ, മുളിയേരിതാഴകുനിയിൽ, വില്ല്യാപ്പള്ളി | വാർദ്ധക്യകാല പെൻഷൻ | 02.12.2019 | 26.02.2020 |
| 9 | പാത്തു, കക്കാട്ട് മയ്യന്നൂർ | | 13.12.2019 | 21.04.2020 |
| 10 | നബീസ, കുറ്റിയന്റവിട, മയ്യന്നൂർ | | 06.01.2020 | 21.04.2020 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19-20, തീ-21.02.2022) മറുപടി ലഭ്യമായിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-02-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,57,830 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ

സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനി യന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 30.10.17ലെ19/2017 നമ്പർ ഉത്തരവുപ്രകാരം വിഭജിച്ച നൽകിയിട്ടുണ്ട്. ആയത് 2018ൽ പുതുക്കിയിട്ടുണ്ടെങ്കിലും ഉത്തരവ് നമ്പർ/തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ പഞ്ചായത്ത് കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാമ്പത്തിക വർഷത്തെ സ്റ്റാഫ് മീറ്റിംഗ് മിനുട്സ് ലഭ്യമല്ലാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയൊന്നും തന്നെ കൃത്യമായി സാമ്പത്തിക വർഷത്തിൽ സുക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്ററിൽ പരാതിയുടെ വിശദാംശം, കൈകൊണ്ട നടപടികൾ എന്നിവ രേഖപ്പെടുത്തി യിട്ടില്ല. അതേപോലെ വിവരാവകാശ രജിസ്റ്ററിൽ പലതിലും ആവശ്യമായ വിവരം നൽകിയതിന്റെ കാര്യം പരാതികളിൽ കൈകൊണ്ട തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അറ്റൻൻസ് രജിസ്റ്റർ സൂക്ഷിപ്പിലും കൃത്യത കുറവ് ഉണ്ടായിട്ടുണ്ട്. ഉദാ-ഇന്ദിര.എം ക്ലർക്ക് 13.12.19 മുതൽ 26.2.20 വരെ അറ്റൻൻസ് രജിസ്റ്ററിൽ ഒപ്പുവെക്കുകയോ, അവധി വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ പലപ്പോഴും വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത മിക്കപ്പോഴും പരിശോധനക്ക് വിധേയമാകുന്നില്ല. കാഷ്ബുക്ക് ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്ക് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെന്റ് രജിസ്റ്റർ, കെട്ടിടനികുതി രജിസ്റ്റർ സഞ്ചയ അബ്ട്രാക്റ്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കി കാണുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജ്ജിതമായ നടപടികൾ ഉണ്ടായിട്ടില്ല. 16-17, 17-18, 2018-19വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചശേഷം നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മൂന്ന് റിപ്പോർട്ടുകളിലും അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടിവന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെ ങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 4 ക്ലർക്ക്, 4 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ജീവനക്കാർക്ക് ജോലിഭാരം പ്രകടമാണെങ്കിലും, ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ

റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും , ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലുള്ള പുരോഗതി പരിശോധിച്ചതിൽ 1998-99 മുതൽ 2018-19 വരെ 21 റിപ്പോർട്ടുകളിലായി 173 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിവും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികളൊന്നും കൈകൊണ്ട് കാണുന്നില്ല. 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ച് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയശേഷം നിശ്ചിത സമയപരിധിക്കകം മൂന്ന് സാമ്പത്തിക വർഷത്തിലും പഞ്ചായത്ത് മറുപടി സമർപ്പിക്കാത്തതിനാൽ റിപ്പോർട്ടുകൾ ക്കെല്ലാം തന്നെ അനന്തരറിപ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചശേഷം റിപ്പോർട്ടുകൾക്ക് മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ മറുപടികളെല്ലാംതന്നെ വാഗ്ദാന രൂപത്തിലുള്ളതും അപാകത പരിഹരിക്കാൻതക്ക വിധത്തിലല്ലാത്തതുമായതിനാൽ വളരെ കുറഞ്ഞ പരാമർശങ്ങൾക്ക് മാത്രമെ തീർപ്പ കൽപിക്കുന്നതിന് കഴിഞ്ഞിട്ടുള്ളൂ. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 2.11.17 തീയതിയിൽ പുറപ്പെടുവിച്ചത് 27.11.17 തീയതിയിൽ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രഥമമറുപടി സമർപ്പിക്കാത്തതിനാൽ റിപ്പോർട്ടിന്മേൽ അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചശേഷം 17.4.18 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പരാമർശങ്ങൾ ഒന്നുംതന്നെ തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതേ പോലെതന്നെ 2017-18 വർഷത്തെ റിപ്പോർട്ട് 5.4.19 ൽ പഞ്ചായത്തിൽ ലഭിച്ചെങ്കിലും പ്രഥമമറുപടി ലഭ്യമാക്കാത്ത തിനാൽ 26.7.19 ൽ അനന്തരറിപ്പോർട്ട് പുറപ്പെടുവിക്കുകയും ആയതിന് പിന്നീട് സമർപ്പിച്ച മറുപടി പ്രകാരം 3 ഖണ്ഡികകളിലെ പരാമർശങ്ങൾ മാത്രമെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. 2018-19 വർഷത്തെ റിപ്പോർട്ട് 9.3.20ൽ പഞ്ചായത്തിൽ ലഭ്യമാവുകയും മറുപടി ലഭ്യമാക്കാത്തതിനാൽ 25.5.20 ൽ അനന്തരറിപ്പോർട്ട് പുറപ്പെടുവിക്കുകയും ആയതിന് ശേഷം സമർപ്പിച്ച മറുപടി പ്രകാരം തീർപ്പാക്കാനുള്ള 30 ഖണ്ഡികകളിൽ 4 ഖണ്ഡികകളി ലെ പരാമർശങ്ങൾക്ക് മാത്രമെ തീർപ്പ് കൽപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി സമർപ്പിക്കാത്തതും പിന്നീട് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണം. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-11 മതിയായ പാർക്കിംഗ് ഏരിയയില്ലാതെ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപ്പേഷനും അനുവദിച്ചു- കെട്ടിട നിർമ്മാണ ചട്ട ലംഘനം പരിശോധിക്കപ്പെട്ടില്ല.

ആവശ്യമായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിടനിർമ്മാണ അനുമതിയും ഒക്യുപ്പേഷനും അനുവദിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീമതി. ഷമീമ ഹാരിസ്, മുറിച്ചാണ്ടിയിൽ എന്നവരുടെ 01-06-2019ലെ A3/4085/19 നമ്പർ അപേക്ഷ പ്രകാരം നിർമ്മിച്ച റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടത്തിന് 2019-20 ഒന്നാം അർദ്ധ വർഷം മുതൽ

നമ്പർ നൽകി (കെട്ടിട നമ്പർ 9/719Aമുതൽ P വരെ) കെട്ടിടനികുതി ഈടാക്കി വരുന്നുണ്ട്. ഇതിൽ കെട്ടിടത്തിന്റെ രണ്ടാംനില റസിഡൻഷ്യൽ ആണ്. മേൽ അപേക്ഷയിൽ കെട്ടിടത്തിന്റെ പെർമിറ്റ് നം A3-TBA(75626)2017എന്ന് പറയുന്നുണ്ടെങ്കിലും ഈ പെർമിറ്റ് കോപ്പി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 01-06-2019 ലെ അപേക്ഷയിൽ സമർപ്പിച്ച പ്ലാനുകളിൽ റഗുലറൈസേഷൻ കം കംപ്ലീഷൻ ഓഫ് ഷോപ്പ്/ക്വോട്ടേഴ്സ് എന്നാണ് കാണിച്ചിരിക്കുന്നത്. പെർമിറ്റ് ലഭ്യമല്ലാത്തതിനാൽ റഗുലറൈസ് ചെയ്തു നൽകിയത് കെട്ടിടത്തിന്റെ ഏത് ഭാഗമാണ് എന്ന് മനസിലാക്കാൻ സാധിച്ചിട്ടില്ല.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 605.3 M2 ആണ്. ഇതിൽ 373.5M2 വാണിജ്യവും (9/719A മുതൽ K വരെ), 232.2M2 റസിഡൻഷ്യൽ ക്വോട്ടേഴ്സുമാണ് (60M2ൽ താഴെയുള്ള 4 യൂണിറ്റ്, 9/719L,M,N,P). ഇത് പ്രകാരം കെട്ടിടത്തിന്റെ കാർ പാർക്കിംഗ് ഏരിയ കണക്കാക്കേണ്ട വിധം ചുവടെ കൊടുക്കുന്നു.

*കെട്ടിടത്തിന്റ രണ്ടാം നില റസിഡൻഷ്യൽ (A2 ഗണം)- ഇതിന് 2011ലെ കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 38ലെ പട്ടിക 4B ലെ 1ൽ (I)(c) പ്രകാരം ആകെ 3 കാർ പാർക്കിംഗ് ആവശ്യമാണ്. കൊമേഴ്സ്യൽ ഏരിയയ്ക്ക് (373.5m2)- 4 കാർ പാർക്കിംഗും ആവശ്യമാണ്. അതായത് കെട്ടിടത്തിന് ആകെ 7 കാർ പാർക്കിംഗ് ആവശ്യമാണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഓപ്പൺ ഏരിയയിൽ 4 ഉം മുൻവശം കെട്ടിടത്തിനുള്ളിലായി 2 പാർക്കിംഗുമുൾപ്പടെ 6 കാർ പാർക്കിംഗാണ് കാണിച്ചിരിക്കുന്നത്.

* കംപ്ലീഷൻ പ്ലാനിലുള്ള അളവുകൾ പ്രകാരം തന്നെ പാർക്കിംഗ് ഏരിയ കണക്കാക്കിയാൽ ആകെ ലഭ്യമാവുന്നത് 3 കാർ പാർക്കിംഗാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

* കെട്ടിടത്തിന്റെ മുൻവശം ലഭ്യമായ നീളം 21 മീറ്ററും വീതി 5.925 മീറ്ററുമാണ്.

*ഇത് പ്രകാരം ഫ്രന്റേജിൽ ലഭ്യമായ ആകെ ഓപ്പൺ ഏരിയ=124.425M2

*ഇതിൽ കെട്ടിടത്തിലേക്കുള്ള ആക്സസിനായി ഒഴിച്ചിടേണ്ട ഏരിയ= 5.925x3.6=21.33m2

*കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന പാർക്കിംഗിലേക്കുള്ള ഡ്രൈവ് വേയ്ക്കായി ഒഴിച്ചിടേണ്ട ഏരിയ= 3x5.925=17.775m2

*ആക്സസ് കഴിച്ച് ആകെ ഓപ്പൺ ഏരിയ= 124.425-21.33-17.775= 85.32m2

* കെട്ടിടത്തിന്റെ 3 മീറ്റർ വീതിയിലെ ഫ്രന്റേജിൽ 50% പാർക്കിങ്ങിനായി ഉപയോഗിക്കാവുന്നതല്ല. അതായത് 3x21=63, ഇതിന്റെ 50%= 31.5m2

* ഇത് പ്രകാരം ഫ്രന്റേജിൽ ലഭ്യമായ ആകെ പാർക്കിംങ്ങ് ഏരിയ= 85.32-31.5= 53.82m2 ഈ ഏരിയയിൽ ഒരു ഡിസേബിൾഡ് പാർക്കിങ്ങും 2നോർമൽ പാർക്കിങ്ങുമുൾപ്പടെ 3പാർക്കിങ്ങാണ് ഉൾപ്പെടുത്താവുന്നത്.

*അതായത് കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ ലഭ്യമായ കാർ പാർക്കിംഗ് 3+2=5എണ്ണമാണ്. 2 കാർ പാർക്കിംഗ് കുറവാണ്.

എന്നാൽ 19-02-2022 ൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ മുൻവശം കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന രണ്ട് കാർ പാർക്കിംഗ് ഏരിയ ക്ലോസ് ചെയ്ത് 'ലൈഫ് മാർട്ട് സൂപ്പർമാർക്കറ്റ്' പ്രവർത്തിച്ച വരുന്നതായി കണ്ടു. ഇത് പ്രകാരം ലഭ്യമായ പാർക്കിംഗിൽ വീണ്ടും കുറവ് വന്നു.

2)ശ്രീ.ബാലകൃഷ്ണൻ തയ്യുള്ളതിൽ എന്നവരുടെ 22-11-2018ലെ A3-6976/18 നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരം കെട്ടിടത്തിന് 13/508Aമുതൽ V വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ പാർക്കിംഗ് കാണിച്ചതിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

കെട്ടിടത്തിന് പെർമിറ്റ് പ്രകാരം ആകെ പ്ലിന്ത് ഏരിയ 995.64m2ആണ്. കംപ്ലീഷൻ പ്ലാനിൽ 1070.19m2പ്ലിന്ത് ഏരിയ കാണിച്ചിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ആകെ 995.64m2 ആണ് കംപ്ലീഷനായതായി സർട്ടിഫൈ ചെയ്തത്.

പരിശോധനാ റിപ്പോർട്ടിൽ കാർ പാർക്കിംഗ് ഏരിയ എത്ര വേണമെന്നോ എത്ര ലഭ്യമാണ് എന്നോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ അപേക്ഷയിൽ പാർക്കിങ്ങ് പ്ലാൻ ലഭ്യമാക്കിയിട്ടില്ല.

*ബിൽഡിംഗ് പെർമിറ്റ് പ്രകാരം ആകെ കാർപ്പെറ്റ് ഏരിയ= 796.5m2 ആണ് (അതായത് 20% Of Plinth Area) .ഇത് പ്രകാരം ആകെ ആവശ്യമായ കാർ പാർക്കിംഗ് =11. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ കാർപ്പറ്റ് ഏരിയ എന്നത്(80% OF Plinth Area 1070.19M2)= 856.15M2 എന്ന് കണക്കാക്കാം. ഇത് പ്രകാരം ആകെ ആവശ്യമായ കാർ പാർക്കിംഗ് = 12എണ്ണം.

*കെട്ടിടത്തിനുള്ളിൽ 6 കാർ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. ഇതിൽ 3 എണ്ണം കെട്ടിടത്തിനുള്ളിൽ പുറക് വശത്തായും ബാക്കി 3 എണ്ണം കെട്ടിടത്തിനുള്ളിലെ പാർക്കിംഗിലേക്കുള്ള വഴിയിലുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവുകൾ പ്രകാരം കെട്ടിടത്തിനുള്ളിൽ കാണിച്ചിരിക്കുന്ന ഏരിയയിൽ ആകെ പാർക്കിംഗിന് ലഭിക്കുക 32 M2 ആണ്. ഇതിൽ 2 കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ പാർക്കിംഗിലേക്ക് കാണിച്ചിരിക്കുന്ന വഴിയിൽ 3 പാർക്കിംഗ് കാണിച്ചിരിക്കുന്നത് അനുവദിക്കാൻ സാധിക്കുകയില്ല.

*ആകെ കെട്ടിടത്തിന്റെ ഓപ്പൺ സ്പേസിലും കെട്ടിടത്തിനുള്ളിലുമായി ആകെ 4+2=6കാർ പാർക്കിങ്ങിനുള്ള സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. അതായത് ആവശ്യമായ കാർ പാർക്കിംഗായ 12 ൽ 6 കാർ പാർക്കിംഗിനുള്ള സ്ഥലം മാത്രമാണ് സൈറ്റിൽ ലഭ്യമായിട്ടുള്ളത്.

ഒക്യുപ്പേഷൻ ലഭിച്ച ശേഷം ആവശ്യമായ പാർക്കിങ്ങ് ഏരിയ കടമുറികളാക്കി മാറ്റി ഉപയോഗിക്കുന്നത് കെട്ടിട നിർമ്മാണ ചട്ടലംഘനമാണ്. ഈ കെട്ടിടങ്ങളെ അനധികൃത കെട്ടിടമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടം പാലിക്കാത്ത കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതിയും ഒക്യുപ്പേഷനും അനുവദിക്കാവുന്നതാ യി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും തെറ്റായി പ്ലാൻ തയ്യാറാക്കി നൽകിയ എൽ.ബി.എസ്സിന് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകേണ്ടതുമാണ്. പഞ്ചായത്തിൽ ഒക്യുപ്പേഷൻ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്ന് വാർഡ് തലത്തിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധിച്ചതിൽ ചുവടെ പറഞ്ഞ അപാകതകൾ കാണുന്നു.

1) പഞ്ചായത്തിലെ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ അനുവദിക്കുന്ന എല്ലാ പെർമിറ്റുകളിലും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സെക്രട്ടറി തീയതിയോടു കൂടെ സാക്ഷ്യ പ്പെടുത്തുന്നില്ല.

2) കെട്ടിടത്തിന് നമ്പർ നൽകുന്ന മുറയ്ക്ക് വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3) പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് പുതുക്കുന്ന കെട്ടിടങ്ങളുടെ റിന്യൂവൽ ഫീ ഈടാക്കിയത് മാത്രമാണ് രേഖപ്പെടുത്തുന്നത്. ഇതിന്റെ പെർമിറ്റ് നമ്പർ രേഖപ്പെടുത്തുന്നില്ല. കൂടാതെ ഏത് പെർമിറ്റാണ് റിന്യൂ ചെയ്തതെന്നോ റിന്യൂ ചെയ്യാനുള്ള ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാനോ സാധിക്കാതെ വരുന്നു.

4)പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീ എന്നും പെർമിറ്റ് അപ്രൂവ്ഡ് എന്നും രേഖപ്പെടുത്തി ഫീ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പെർമിറ്റ് നമ്പർ ഏതാണ് എന്ന് രേഖപ്പടുത്തുന്നില്ല.

5) പെർമിറ്റ് അപേക്ഷാ രജിസ്റ്ററിൽ വരുന്ന അപേക്ഷകൾ ചേർത്തുന്നുണ്ടെങ്കിലും പെർമിറ്റ് അനുവദിക്കാത്തവയിൽ എന്ത് നടപടിയെടുത്തുവെന്ന് രേഖപ്പെടുത്തിയിട്ടില്ല.

6) പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകൾ ക്രമവൽക്കരണത്തിന് നൽകുന്നവയിൽ റഗുലറൈസേഷൻ അപേക്ഷ എന്ന് രേഖപ്പെടുത്തുന്നില്ല. ക്രമവൽക്കരണത്തിനായി പ്രത്യേക രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

7)ആകെ 377 അപേക്ഷകളാണ് 2019-20ൽ പെർമിറ്റ് രജിസ്റ്റർ പ്രകാരം വന്നിട്ടുള്ളത്. എന്നാൽ ഇതിൽ 240 ഓളം അപേക്ഷകളിൽ പെർമിറ്റ് നൽകിയതായി കാണുന്നു. എന്നാൽ 2019-20 ൽ ഈടാക്കിയ പെർമിറ്റ് ഫീ Rs. 252013/- രൂപയാണ്. എന്നാൽ ക്രമവൽക്കരണ ഫീയായി Rs. 215018/-രൂപയും ഈടാക്കിയിട്ടുണ്ട്. ഇത്രയധികം ക്രമവൽക്കരം നടക്കുമ്പോഴും പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കു ന്നില്ല. ക്രമവൽക്കരണ അപേക്ഷകളിൽ ക്രമവൽക്കരണം നൽകാത്ത കെട്ടിടങ്ങളെ അനധികൃത കെട്ടിടമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ക്രമവൽക്കരണ അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇവ കൃത്യമായി കണ്ടെത്താൻ കഴിയുന്നില്ല.

പഞ്ചായത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്ന രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ക്രമവൽക്കരണ അപേക്ഷകൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതും ക്രമവൽക്കരണ അപേക്ഷകളിൽ നമ്പർ നൽകാൻ കഴിയാത്ത അപാകതകളുള്ളവ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത കെട്ടിടനികുതി ഈടാക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്തിൽ നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതി നഷ്ടം

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ ചുവടെ കൊടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കിയതിൽ അപാകതകൾ കാണുന്നു.

1) ശ്രീ.യൂസഫ്, മലയിൽ വീട്, മയ്യന്നൂർ എന്നവരുടെയും ശ്രീ.വി.കെ ഇബ്രാഹിം, വണ്ണത്താംകണ്ടി എന്നവരുടെയും ഉടമസ്ഥതയിലുള്ളതും 2015-16 ഒന്നാം അർദ്ധ വർഷം പൂർത്തീകരിച്ച് നികുതി ഒടുക്കിവരുന്നതുമായ 18/104A നമ്പർ വാണിജ്യകെട്ടിടം ചെറിയ മുറികളാക്കി പ്രത്യേകം നമ്പർ അനുവദിക്കുന്നതിനായി 11-12-2019ലെ A3-8647/19 നമ്പറായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കെട്ടിടത്തിന് 18/104A,18/104B, 18/104C, 18/104D, 18/104E എന്നീ നമ്പറുകൾ നൽകി നികുതി ഈടാക്കി വരുന്നുണ്ട്.

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം ആകെ 172.75M2 വിസ്തീർണ്ണമുണ്ട്. ഇതിന് സഞ്ചയയിൽ നികുതി കണക്കാക്കിയതിന്റെ കൃത്യത പരിശോധിച്ചതിൽ കെട്ടിടത്തിന് മേൽകെട്ടിടത്തിന് പുതുതായി 5 നമ്പറുകൾ നൽകിയപ്പോൾ ആകെ വിസ്തീർണ്ണം 147.75M2 മാത്രമാണ് നികുതി കണക്കാക്കാൻ നൽകിയിട്ടുള്ളത്. 25M2 ന്റെ കുറവ് നികുതി കണക്കാക്കിയതിലുണ്ടായി. പ്രാഥമിക മേഖലയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത കെട്ടിടം ദ്വിതീയ മേഖലയിൽ സ്ഥിതിചെയ്യുന്നതായി കാണിച്ച് 10% ഇളവ് അനുവദിച്ചു. കൂടാതെ 100M2 ൽ അധികമുള്ള മേൽ കെട്ടിടത്തിലെ B,C,D,E (121.89M2)എന്നീ നമ്പർ മുറികൾക്ക് യഥാർത്ഥത്തിൽ 100M2 ൽ താഴെയുള്ള വാണിജ്യകെട്ടിടത്തിന്റെ നികുതി നിരക്കായ ച.മീ ന് 50/- പ്രകാരമാണ് നികുതി കണക്കാക്കിയിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ 100M2 ൽ മുകളിലുള്ള കെട്ടിടമായി കണക്കാക്കി (Rs.60/- For One M2) നികുതി ഈടാക്കേണ്ടതായിരുന്നു.

2) ശ്രീമതി. ഷമീമ ഹാരിസ്, മുറിച്ചാണ്ടിയിൽ എന്നവരുടെ 01-06-2019ലെ A3/4085/19 നമ്പർ അപേക്ഷ പ്രകാരം നിർമ്മിച്ച റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടത്തിന് 2019-20 മുതൽ നമ്പർ നൽകി (കെട്ടിട നമ്പർ 9/719Aമുതൽ P വരെ) കെട്ടിടനികുതി ഈടാക്കി വരുന്നുണ്ട്. ആകെ കെട്ടിടത്തിന്റെ വിസ്തീർണ്ണം 605.3M2 ആണ്. ഇതിൽ 373.5M2 വാണിജ്യവും (9/719A മുതൽ K വരെ), 232.2M2 (9/719 L മുതൽ P വരെ) റസിഡൻഷ്യൽ ക്വോട്ടേഴ്സുമാണ്.

മേൽ കെട്ടിടത്തിലെ കൊമേഴ്സ്യൽ ഭാഗമായ 9/719A മുതൽ K വരെ (373.5m2) നികുതി കണക്കാക്കിയിരിക്കുന്നത് 100m2ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് (Rs.50/- For One M2). യഥാർത്ഥത്തിൽ 100m2 ൽ കൂടുതലുള്ള വാണിജ്യ കെട്ടിടത്തിന്റെ

നികുതി നിരക്ക് പ്രകാരം (Rs.60/- For One M2) നികുതി കണക്കാക്കേണ്ടതായിരുന്നു.

3) ശ്രീ. ബാലകൃഷ്ണൻ തയ്യുള്ളതിൽ എന്നവരുടെ 22-11-2018ലെ A3-6976/18 നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരമുള്ള വാണിജ്യ കെട്ടിടത്തിന് 13/508A മുതൽ V വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെയുള്ള 1070.19M2 ന് നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിലെ കെട്ടിട നമ്പർ 13/508A മുതൽ R വരെയുള്ള മുറിയുടെയും 13/508T നമ്പർ മുറിയുടെയും (ആകെ 413.83M2) നികുതി കണക്കാക്കിയത് 100M2 ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ കുറഞ്ഞ നികുതിയാണ് (Rs.50/- For One M2). യഥാർത്ഥത്തിൽ 100m2 ൽ കൂടുതലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് പ്രകാരം (Rs.60/- For One M2) നികുതി കണക്കാക്കേണ്ടതായിരുന്നു.

കെട്ടിടനികുതി കണക്കാക്കുന്നതിൽ ഇത്തരം അപാകതകൾ സംഭവിക്കുന്നത് മേൽനോട്ട ച്ചുമതലയുള്ള ഉദ്യോഗസ്ഥർ നടത്തുന്ന കൃത്യനിർവ്വഹണത്തിലെ വീഴ്ച മൂലമാണ് . ഇത് പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നു. അപാകത ആവർത്തിക്കാതിരിക്കുന്നതി നുള്ള കർശന നിർദ്ദേശം ഉത്തരവാദപ്പെട്ടവർക്ക് നൽകേണ്ടതും മേൽ അപാകത പ്രകാര മുള്ള നഷ്ടം കണക്കാക്കി കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## 1-14 മുഴുവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിയിൽ നിന്നും ഒഴിഞ്ഞു പോകാതിരിക്കുന്നതിനായി 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-10, 1-11 എന്നിവയിൽ വിശദമായി പരാമർശിച്ചിട്ടും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരി ക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് പിരീഡ് വരെയും തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ 3000 ത്തിൽ അധികം വാണിജ്യ കെട്ടിടങ്ങൾ ഉണ്ടായിട്ടും ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം 1330 കെട്ടിടങ്ങളിലാ യി ആകെ 788 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതിൽ 439 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനായി മുൻകൂർ ആയി ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളൂ. ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വാടക വരുമാനമാർജിക്കുന്ന കെട്ടിട ഉടമകളെ മുഴുവൻ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനങ്ങ ളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചു. കൂടാതെ പഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എം.ജി.എൻ ആർ.ഇ.ജി.എ യുടെ പ്രവൃത്തികൾക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/ കരാറുകാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, എന്നീ സ്ഥാപനങ്ങളും അതിലെ ജീവനക്കാർ എന്നിവരെ പഞ്ചായത്ത് ലൈസൻസ് തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

2018-19 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

## 1-15 I.S.O. അംഗീകാരം നേടൽ -പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത

പ്രൊജക്ട് നമ്പർ - 219/20

വകയിരുത്തിയ തുക- 300000

നിർവഹണം - സെക്രട്ടറി

ചെലവുതുക - 99760 (Order No91/30.10.19 -54750

113/4.12.19- 16000

133/18.12.19- 18500

149/18.1.20- 10510

ഗ്രാമപഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമമായി നൽകുന്ന തരത്തിലേക്ക് പഞ്ചായത്തിനെ മാറ്റി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടു ക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കുന്നതിനും , സാധന സാമഗ്രികൾ വാങ്ങിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രൊജക്ട് പ്രകാരം താഴെപറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്.

| ഇനം | വാങ്ങുന്നഎണ്ണം | വകയിരുത്തിയ തുക |
|---|---|---|
| മേശ | 1 | 15000 |
| കസേര | 10 | 50000 |
| റാക്ക് | 4 | 100000 |
| കമ്പ്യൂട്ടർ | 1 | 40000 |
| സ്കാനർ | 1 | 25000 |
| ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ | 1 | 35000 |
| ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ് | 1 | 30000 |
| കസേര | 1 | 15000 |
| ആകെ | | 300000 |

പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ പ്രൊജക്ടിൽ നിഷ്കർഷിച്ച സാധനങ്ങളൊന്നും വാങ്ങാതെ മൾട്ടി വുഡ് സ്റ്റിക്കർ ബോർഡുകൾ സ്ഥാപിക്കുന്നതിനാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്. സാമ്പത്തിക വർഷം പ്രൊജക്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങിയ സാധനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| വാങ്ങിയ ഉപകരണങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് | 54750 |

| | |
|---|---|
| അലമാര | 16000 |
| കോറഗേറ്റഡ് ബോക്സുകൾ, ഫയർ എസ്റ്റിംങ്ങ് ഗ്വിഷർ | 10510 |
| മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് | 18500 |

തുടർ സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്ടിൽ നിന്നും സ്പിൽ ഓവറായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. മേൽ ചെലവിനങ്ങളിൽ സാമ്പത്തിക വർഷം 54750 രൂപ ചെലവഴിച്ച് വാങ്ങിയ മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് ശ്രീ. ബിജേഷ്.സികെ എന്ന ആൾ മുഖേന ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങിയത്. ടിയാൻ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 11 ഇനം ബോർഡുകൾക്ക് 54750 രൂപ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് 54000 രൂപക്ക് ചെയ്തുതരാൻ തയ്യാറാണെന്ന് ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ കരാറുകാരന് 54750 രൂപ തന്നെ നൽകിയതുവഴി 750 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. പ്രൊജക്ടിൽ നിഷ്കർഷിച്ച സാധനങ്ങൾ വാങ്ങാതെ മറ്റ് സാധനങ്ങൾ വാങ്ങിക്കുന്നതിന് മുമ്പ് പ്രൊജക്ട് റിവൈസ് ചെയ്തതായും കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തയ്യാറാക്കുമ്പോൾ പ്രൊജക്ട് പ്രകാരം ആവശ്യമായിവരുന്ന സാധനങ്ങൾ സംബന്ധിച്ച വ്യക്തത ഇല്ലാത്തതും, കരാറുകാരനിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ചപ്പോൾ ആയത് വ്യക്തമായി പരിശോധിക്കാ തെ ചെലവുതുക നൽകിയതുമാണ് അപാകതക്ക് കാരണമായത് . അധികം നൽകിയ 750 രൂപ തിരികെ ഈടാക്കിയും, അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും പരാമർശം ഒഴിവാക്കാവുന്നതാണ്.

1-16 കുടിവെള്ള വിതരണം -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ- 208/19-20

നിർവഹണം - സെക്രട്ടറി

വകയിരുത്തിയ തുക- 600000

ചെലവുതുക- 540900( Order No 104/21.11.19)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.3.2019 ലെ സ.ഉ.സാധാ.നമ്പർ 500/2019 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ 600000 രൂപ തനത് ഫണ്ടിൽ നിന്നും കുടിവെള്ള വിതരണത്തിനായി തുക വകയിരുത്തുകയും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ റീടെണ്ടർ ചെയ്യുകയും ആയതിൽ കുഞ്ഞമ്മത് വീര്യമ്പ്രത്ത് എന്ന ആളുടെ ഒരു ലിറ്ററിന് 60 പൈസ നിരക്കിലുള്ള ക്വട്ടേഷൻ ഭരണസമിതിയുടെ9/4.21 ലെ തീരുമാനം 70(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും തുടർ നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിൽ 13.4.19 മുതൽ 2.6.19 വരെ കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ തീയതികളിലായി K.L.18.E-4721 നമ്പർ വാഹനത്തിൽ 901500 ലിറ്റർ വെള്ളം വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തതിന് ലിറ്ററിന് 60 പൈസ നിരക്കിൽ 540900 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1)കരാറുകാരന് കുടിവെള്ള വിതരണത്തിനുള്ള ചുമതല ഏൽപിച്ചു നൽകുന്നതിന് മുമ്പ് നിയമാനുസൃതം കരാറിലേർപ്പെട്ട് കാണുന്നില്ല. കരാറുകാരന്റെ പേരിലുള്ള 200 രൂപയുടെ മുദ്രപത്രം ഫയലിൽ സൂക്ഷിച്ചതല്ലാതെ കറാരുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

2)കുടിവെള്ള ഗുണനിലവാര സാക്ഷ്യപത്രത്തിന് പുറമെ ഭക്ഷ്യസുരക്ഷാവകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാൻ നിഷ്കർഷിച്ചിരുന്നെങ്കിലും ആയതു ലഭ്യമാക്കി കാണുന്നില്ല.

3)കുടിവെള്ള വിതരണത്തിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ G.P.S.ഘടിപ്പിച്ച് ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനും ജി.പി.എസ്. ലോഗിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ഓടിയ കിലോമീറ്റർ അടിസ്ഥാനമാക്കി തുക അനുവദിക്കുന്നതിനുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിന് വിരുദ്ധമായി കുടിവെള്ളം ലിറ്ററിന് കണക്കാക്കിയാണ് കരാറുകാരൻ തുക ക്ലെയിം ചെയ്തതും അനുവദിച്ചിരിക്കുന്നതും . ജി.പി.എസ്.ലോഗ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരുഘട്ടത്തിലും ആയത് പരിശോധനക്ക് വിധേയമാക്കിയിട്ടില്ല.

4) വാഹനത്തിന്റെ ഡ്രൈവർ ഓരോ ട്രിപ്പിനും ട്രിപ്പ് ഷീറ്റ് വാഹനത്തിൽ സൂക്ഷിക്കേ ണ്ടതും, അതേ ദിവസംതന്നെ വാർഡ് മെമ്പർ, കുടുംബശ്രീ എ.ഡി എസ് പ്രസിഡണ്ട്, പഞ്ചായത്ത്ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതുമാണ് . എന്നാൽ ഡ്രൈവർ ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് ആരുംതന്നെ പരിശോധനക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)കരാറുകാരന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 1% ആദായ നികുതി കുറവു ചെയ്യാതെയാണ് കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നത്.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംഭവിക്കാനുള്ള സാഹചര്യം വ്യക്തമാക്കി മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ.വിഹിതം-അടവാക്കൽ- പ്രൊജക്റ്റ് പ്രകാരം പരിമിതമായതുകമാത്രം അടവാക്കുന്നു

പ്രൊജക്റ്റ് നമ്പർ- 1/20

വകയിരുത്തിയ തുക- 400000

ചെലവുതുക- 400000 (ബിൽ നമ്പർ-9/19-20 തി 19.8.19)

നിർവഹണം - സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 400000 രൂപ പിൻവലിച്ച് എസ്.എസ്.എ.വിഹിതം ഇനത്തിൽ ജില്ലാ പ്രൊജക്റ്റ് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സമഗ്രശിക്ഷാകേരളം (എസ്.എസ്.കെ) പ്രൊജക്റ്റ് ഓഫീസർ 25/6/19 ന് പഞ്ചായത്തിന് ലഭ്യമാക്കിയ കത്തിൽ സാമ്പത്തിക വർഷത്തിൽ എസ്.എസ്.കെ മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി 44.54 ലക്ഷം രൂപ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന് ആവശ്യമുണ്ടെന്നും ആയതിന്റെ 40% തുകയായ 17.82 ലക്ഷം രൂപ എസ്.എസ്.കെക്ക് അടവാക്കുന്നതോടൊപ്പം 2017-18 ൽ അടവാക്കാൻ അവശേഷിക്കുന്ന 13.86 ലക്ഷം രൂപ കൂടി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിക്കാതെ മുൻവർഷം അടവാക്കിയതുപോലെ നാല് ലക്ഷം രൂപ മാത്രമെ സാമ്പത്തിക വർഷത്തിലും അടവാക്കി കാണുന്നുള്ളൂ. സ.ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്റ്റുകൾക്ക് വകയിരുത്തേണ്ടതും പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രൊജക്റ്റ് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്റ്റിന് അർഹമായ വിഹിതം ലഭിക്കാത്ത തിനാൽ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയുടെ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് മേൽ കത്തിൽ പ്രൊജക്റ്റ് ഓഫീസർ സൂചിപ്പിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം രണ്ട് ഹയർ

സെക്കന്ററി സ്കൂളുകൾക്ക് പുറമെ അഞ്ച് യു.പി.സ്കൂളുകൾ , പതിനൊന്ന് എൽ. പി സ്കൂളുകൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ എസ്.എസ്.എ.വിഹിതം അടവാക്കുന്നതിലുണ്ടാവുന്ന കുറവ് സംബന്ധിച്ച കാര്യങ്ങളൊന്നും തന്നെ ചർച്ച ചെയ്യപ്പെട്ട തായി കാണുന്നില്ലെന്ന് മാത്രമല്ല , പ്രൊജക്ടുനിർദ്ദേശങ്ങളിൽ എസ്.എസ്.എ. വിഹിതം അടവാക്കൽ പ്രോജക്ട് ഉൾപ്പെട്ടതായും കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം മതിയായ തുക എസ്.എസ്.എ.പ്രവർത്തനങ്ങൾക്ക് വകയിരുത്താതെ നാമമാത്രമായ തുക വകയിരുത്തുന്നതാണ് അപാകതക്ക് കാരണമായത്. അപാകത പരിഹരിച്ചും ആവശ്യമായ മറുപടികൾ ലഭ്യമാക്കിയും അപാകത പരിഹരിക്കാവു ന്നതാണ്.

## 1-18 പൗരാവകാശരേഖ പ്രസിദ്ധീകരണം- ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനത്തിന് തുക നൽകിയതിലെ അവ്യക്തതയും-വിതരണ വിവരം ലഭ്യമല്ലാത്തതും

പ്രൊജക്ട് നമ്പർ- 226/20

വകയിരുത്തിയ തുക- 100000

ചെലവുതുക- 90000 (Order No175/13.2.20)

നിർവഹണം - സെക്രട്ടറി

2004 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടം 4(1) പ്രകാരം പൗരാവകാശരേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 50000 രൂപ തനത് ഫണ്ടിൽ നിന്നും 50000 രൂപ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണബാങ്ക് സംഭാവന ഇനത്തിൽ വഹിക്കുന്ന വിധത്തിലുമാണ് പ്രൊജക്ട് തയ്യാറാക്കിയത്. മേൽ പ്രൊജക്ടിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത നൈസ് പ്രിന്റേഴ്സ് വില്യാപ്പള്ളിയുടെ 117000 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും (64 പേജിൽ 8 പേജ് മൾട്ടീകളർ 5000 എണ്ണം)ചെയ്തു. സ്ഥാപനം പൗരാവകാശരേഖ അച്ചടിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ നൈസ് പ്രിന്റേഴ്സ് 128000 രൂപയുടെ കാഷ് ബിൽ സമർപ്പിക്കുകയും ചെയ്തു. ആയതിന് ഭരണസമിതിയുടെ 1.2.2020 ലെ എ1 /3/20 (12) നമ്പർ തീരുമാന പ്രകാരം സംഭാവന ഇനത്തിൽ ലഭിച്ച 50000 രൂപ ഉൾപ്പെടെ 90000 രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ട് പ്രകാരം ബാങ്ക് സംഭാവന ഉൾപ്പെടെ 100000 രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും ആയത് പൂർണമായി ചെലവഴിക്കാതെ 90000 രൂപ മാത്രം സ്ഥാപനത്തിന് അനുവദിക്കാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല.

2)ക്വട്ടേഷൻ സ്വീകരിച്ച സ്ഥാപനം 5000 എണ്ണത്തിന് 117000 രൂപ ക്വാട്ട് ചെയ്തെങ്കിലും 128000 രൂപയുടെ കാഷ് ബിൽ ഹാജരാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3)അവശേഷിക്കുന്ന തുക സ്ഥാപനത്തിന് തുടർ വർഷത്തിൽ നൽകിട്ടുണ്ടെങ്കിൽ ആയതി ന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

4) പ്രസിദ്ധീകരിച്ച പൗരാവകാശരേഖ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ആയതിന്റെ വിതരണ വിവരം ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-19 രൂപീകരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ നൂറിൽപ്പരം -നിർവ്വഹണം നടത്തുന്നവ തുച്ഛം

1)പ്രവൃത്തി ഏറ്റെടുക്കുന്നതിൽ വൈമുഖ്യം-കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സാകുന്നു.

2018-19 മുതൽക്കുള്ള വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.2 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഓരോ നിർവ്വഹണഉദ്യോഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടു കൂടി ഒരു നിർവ്വഹണപരിപാടി തയ്യാറാക്കി സ്ഥാപനതലത്തിൽ അത് ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള നിർവ്വഹണ പദ്ധതി തയ്യാറാക്കണം. അപ്രകാരം നടക്കുന്നുണ്ടെന്ന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

സർക്കുലർനം. ഡി.എ1/222/2019/തസ്വഭവ തീയതി 10.07.2019 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങളുടെ സമയക്രമം വ്യക്തമാക്കിയിട്ടു ണ്ട്. അത് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ 2019 ജൂലായ് 22-നകം പൂർത്തീകരിക്കേണ്ടതു ണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങൾ തുടങ്ങിയത് തന്നെ 21.10.2019-ന് മാത്രമാണ്. തൻവർഷം അവസാനമായി മാർച്ച് മാസത്തിലും ടെണ്ടർ വിളിച്ചിട്ടുണ്ട് (13.03.2020-ന്). തൻവർഷം ടെണ്ടർ വിളിച്ച 100 പ്രവൃത്തികൾക്കായി(സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ) 28 എണ്ണത്തിന് മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളൂ. ആയതിനാൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായ ഭൂരിഭാഗം പദ്ധതികളും നടപ്പിലായില്ല. ഇതിനു പുറമേ ഏറ്റെടുത്തവ പലതും വളരെ വൈകി ഏറ്റെടുത്തതിനാൽ പൂർത്തീകരിക്കുവാനും സാധിച്ചിട്ടില്ല. ആയതിനാൽ തൻവർഷം ചെലവ് വളരെ തുച്ഛവുമാണ്. ആയതിനാൽ കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സായി. ആയതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| പുതിയ പദ്ധതികൾ/ നടപ്പിലാക്കിയത് | സ്പിൽ ഓവർ പദ്ധതികൾ/ നടപ്പിലാക്കിയത് | ആകെ അടങ്കൽ | ആകെ ചെലവ് | ഫണ്ട് ലാപ്സായത് | സ്പിൽ ഓവർ പദ്ധതി കളുടെ ചെലവ് |
|---|---|---|---|---|---|
| 71 /11 | 46/24 | 4,22,84783 | 95,54,983(22.5%) | 4,13,29,285 (77.5 %) | 6858281 |

2018-19-ൽ 7,00000/-രൂപ വകയിരുത്തി ആവിഷ്കരിച്ച അമരാവതി-മേമുണ്ട റോഡ് റീ-ടാറിംഗ് പ്രവൃത്തിക്ക് നാല് വർഷമായി ടെണ്ടർ വിളിക്കുന്നുണ്ടെങ്കിലും നാളിതുവരെ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ഓഡിറ്റിന്റെ ഭാഗമായി 17.02.2022-ന് നടത്തിയ സ്ഥലപരിശോധന യിൽ പഞ്ചായത്ത് ഓഫീസിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ഈ റോഡിന്റെ അമരാവതിയിൽ നിന്നുള്ള 300 മീറ്ററോളം വരുന്ന ഭാഗം കാൽനട യാത്രപോലും ദുസ്സഹമാകുന്ന രീതിയിൽ തകർന്നു കിടക്കുന്നതായി കണ്ടു. വർഷങ്ങളായി ലക്ഷക്കണക്കിന് രൂപയുടെ പദ്ധതി പണം പാഴാവുക മാത്രമല്ല ജനങ്ങൾ ദുരിതമനുഭവിക്കേണ്ടിയും വരുന്നു.

2)ചെറിയ അടങ്കലിന്റെ ധാരാളം പ്രവൃത്തികൾ ഏറ്റെടുക്കുന്നു

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

2019-20-ൽ ആകെയുള്ള 117 പദ്ധതികളിൽ 56 ഉം 2,50,000/- ൽ താഴെ അടങ്കലുള്ളവയാണ്. പദ്ധതി നിർവ്വഹണത്തിന് പുറമെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപേക്ഷകളും കെട്ടിട നമ്പറിംഗിനുള്ള

അപേക്ഷകളും പരിശോധിക്കേണ്ടതുണ്ട് (ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 395 കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപേക്ഷകളും 176 എണ്ണം കെട്ടിട നമ്പറിംഗിനുള്ള അപേക്ഷകളും തൻവർഷം ലഭിച്ചിട്ടുണ്ട്). പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറുമാണുള്ളത്. പദ്ധതികളുടെ ബാഹുല്യം ജീവനക്കാരുടെ ജോലിഭാരം കൂട്ടുന്നു. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്തുവാൻ കഴിയുകയില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുകയും തൻമൂലം തൻവർഷത്തെ ഫണ്ട് ലാപ്സാവുന്നതിനും സ്പിൽ ഓവർ പദ്ധതികൾക്ക് അടുത്തവർഷത്തെ ഫണ്ട് മാറ്റി വയ്ക്കേണ്ടതായും വരുന്നു.

3) പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.5.1 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഒരു കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ കാര്യത്തിൽ കെട്ടിടനിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നിവയ്ക്ക് എല്ലാം കൂടി ഒറ്റ പ്രൊജക്ട് തയ്യാറാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ മേൽ ഉത്തരവ് ഖണ്ഡിക 3.5.2 പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഒരു വർഷത്തില ധികം സമയം ആവശ്യമാണെങ്കിൽ ഒരു പഞ്ചവത്സര പദ്ധതിയിൽ പൂർത്തിയാകുന്ന വിധത്തിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുള്ള അടങ്കൽ തുകയും കൃത്യമായി രേഖപ്പെടുത്തി ബഹുവർഷ പ്രൊജക്ട് രൂപീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതെ വെവ്വേറെ പദ്ധതികൾ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് അനാവശ്യമായി ജോലിഭാരം കൂട്ടുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസത്തിനും ഇടയാക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

1)ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമ്മാണം

| 2019-20 | 2020-21 |
|---|---|
| ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമ്മാണം | ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമ്മാണം |
| ഹോമിയോ ഡിസ്പെൻസറി-വൈദ്യുതീകരണം | ഹോമിയോ ഡിസ്പെൻസറി-വൈദ്യുതീകരണം |
| - | ഹോമിയോ ഡിസ്പെൻസറിക്ക് ചുറ്റുമതിൽ |
| - | ഹോമിയോ ഡിസ്പെൻസറിക്ക് കിണർ നിർമ്മാണം |

2)പി.എച്ച്.സി-യിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ

| 2019-20 | 2020-21 |
|---|---|
| പി.എച്ച്.സി ലാബ് കെട്ടിടം നിർമ്മിക്കൽ | - |

| | |
|---|---|
| പി.എച്ച്.സി ലാബ് – വൈദ്യുതീകരണം | പി.എച്ച്.സി ലാബ് -വൈദ്യുതീകരണം |
| പി.എച്ച്.സി -കൺസൾട്ടിംഗ് റൂം,ഒബ്സർവേഷൻ റൂം നിർമ്മാണം | പി.എച്ച്.സി -കൺസൾട്ടിംഗ് റൂം,ഒബ്സർവേഷൻ റൂം നിർമ്മാണം |
| പി.എച്ച്.സി പുതിയകെട്ടിടം ടൈൽ പതിക്കൽ | – |
| പി.എച്ച്.സി ചുറ്റുമതിൽ അറ്റകുറ്റപണി | പി.എച്ച്.സി-ക്ക് ചുറ്റുമതിൽകെട്ടിസംരക്ഷണം |

3) എം.സി.എഫ് നിർമ്മാണ പ്രവൃത്തി

| 2019-20 | 2020-21 |
|---|---|
| എം.സി.എഫ് കെട്ടിട നിർമ്മാണം | എം.സി.എഫ് കെട്ടിട നിർമ്മാണം |
| – | എം.സി.എഫ് -വൈദ്യുതീകരണം |

ചെറിയ അടങ്കലിന്റെ പദ്ധതികളായതിനാലാണ് കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ വിമുഖത കാണിക്കാൻ പ്രധാന കാരണമെന്ന് എക്സിറ്റ് യോഗത്തിൽ ബഹു.പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ഭാവിയിൽ ചെറിയ അടങ്കലിന്റെ പ്രവൃത്തികൾ ഒഴിവാക്കി പദ്ധതികൾ സമഗ്രമായി തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കുകയാണെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിനും പ്രവൃത്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയും. മാത്രവുമല്ല എഞ്ചിനീയറിംഗ്, പദ്ധതി വിഭാഗത്തിന്റെ ജോലി ഭാരം കുറയ്ക്കുവാനും പ്രവൃത്തി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി ഫണ്ട് വിനിയോഗം കാര്യക്ഷമമാ ക്കുവാനും സാധിക്കും. 7 ലക്ഷം രൂപ വകയിരുത്തിയ അമരാവതി- മേമുണ്ട റോഡ് പ്രവൃത്തി നാളിതുവരെ കരാറുകാർ ഏറ്റെടുക്കാത്തിന്റെ കാരണം വ്യക്തമല്ല. ഈ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഭരണസമിതി യുടെ ഭാഗത്തുനിന്ന് കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. കൃത്യമായ രീതിയിൽ ആസ്തി സംരക്ഷണപദ്ധതിയും പദ്ധതി നിർവ്വഹണകലണ്ടറും തയ്യാറാക്കി മേൽ പരാമർ ശിച്ച പ്രകാരം നടപടികൾ സ്വീകരിച്ച് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുവെന്ന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഉറപ്പു വരുത്തേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പെൻസറി- സ്ഥലത്തിന് കൃത്യമായ രേഖകളില്ല- അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കാൻ സാധിക്കുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം(പ്രോജക്ട് നം.133/2019-20) |
| കോൺട്രാക്ടറുടെ പേര് | ദിനേശൻ .എം |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-22,30,000/- |

| | |
|---|---|
| ചെലവ് | 132/18.12.2019/4,55,306/- |
| എം.ബുക്ക് നം | 111/2018-19,59/2017-18,101/2018-19,62/2019-20,110/2018-19 |
| കരാർ | വി.പി/24//18-19/11.02.2019 |

മേമുണ്ട എൻഎച്ച്എം ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് 2019-20-ൽ 4,55,306/-രൂപയും 2020-21-ൽ 15,22,755/-രൂപയും അടക്കം 19,78,061/- ചെലവഴിച്ചു. 2020 -ൽ ഉദ്ഘാടനം നടത്തിയ ഡിസ്പെൻസറിയിൽ നിലവിലും കുടിവെള്ള സ്രോതസ്സ് ഇല്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1) ചുറ്റുമതിൽ,കിണർ എന്നിവ നിർമ്മിക്കുന്നതിന് സ്ഥലമില്ല-നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു.

ഹോമിയോ ഡിസ്പെൻസറിക്ക് ചുറ്റുമതിൽ, കിണർ നിർമ്മാണം എന്നിവയ്ക്കായി 2020-21-ൽ രണ്ട് പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും അവ പാതിയിൽ ഉപേക്ഷിച്ചതായി 17.02.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. സ്ഥലം സംബന്ധിച്ച തർക്കം മൂലമാണ് പ്രവൃത്തി നടത്താത്തതെന്നാണ് പഞ്ചായത്ത് അധികൃതർ വാക്കാൽ അറിയിച്ചിട്ടുള്ളത്. ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന്റെ സ്ഥലത്തിന്റെ ആധാരം പരിശോധിച്ചതിൽ അതിൽ സ്ഥലത്തിന്റെ അളവ്, അതിരുകൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2011-ലെകേരളപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ട പ്രകാരം കെട്ടിടത്തിന് ആവശ്യമായ സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ പ്ലാൻ പുതുക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലത്തിന്റെ കൃത്യമായ അളവും അതിരുകളും ആധാരത്തിൽ രേഖപ്പെടുത്താത്തതിനാൽ നിലവിലും കെട്ടിടത്തിന് ആവശ്യമായ സെറ്റ് ബാക്ക് ഉണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും കിണർ കുഴിക്കാൻ സ്ഥലമില്ലാത്തിനാൽ നിലവിൽ ഡിസ്പെൻസറിയിൽ കുടിവെള്ള സ്രോതസ്സ് ഇല്ല. സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാനും നിർവ്വാഹമില്ല. കെട്ടിടനിർമ്മാണ ചട്ടത്തിനനുസൃതമായി നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ട പഞ്ചായത്ത് തന്നെ ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തിയതുമൂലമാണ് ഈ അവസ്ഥയുണ്ടായത്.

2) കെട്ടിടം ഭിന്നശേഷി സൗഹൃദമല്ല

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.5.(10) പ്രകാരവും 2011-ലെ കേരളപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ട പ്രകാരവും പൊതു കെട്ടിടം ഭിന്നശേഷി സൗഹൃദമാകേണ്ടതാണ്. ശാരീരിക അവശതയുള്ളവർക്ക് കെട്ടിടത്തിലേക്ക് പ്രവേശിക്കുന്നതിന് റാമ്പും പ്രത്യേക ശുചിമുറിയും ഉണ്ടാകേണ്ടതാണെങ്കിലും ഈ സൗകര്യങ്ങൾ കെട്ടിടത്തിൽ ഒരുക്കിയിട്ടില്ല. കെട്ടിടത്തിനുള്ളിലെ സ്റ്റെയർകേസിന് കൈവരി സ്ഥാപിക്കാത്തത് അപകട ഭീഷണി ഉയർത്തുന്നുണ്ട്. കൂടാതെ ഭാവിയിലേക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഒന്നാം നിലയിലേക്ക് ഉയർത്തിയ കമ്പികൾ ഡെമ്മികോളം സ്ഥാപിക്കാത്തതിനാൽ തുരുമ്പ് പിടിച്ച നിലയിലാണ്.

3) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

എ) അളവ് പുസ്തകം 110/2018-19പേജ് 26 പ്രകാരം 38ാംമത്തെ ഇനമായി 1000ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 9000/- രൂപ നൽകിയിട്ടുണ്ടെങ്കിലും 500 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചതായാണ് സ്ഥലപരിശോധനയിൽ കണ്ടത്.

ബി) ഡിസ്പെൻസറിയിലേക്ക് പ്രവേശിക്കുന്നതിനായി സ്ഥാപിച്ച സ്ലാബിന് അളവ് പുസ്തകം നം.62 /2019-20 പേജ് 15 പ്രകാരമുള്ള 15 സെ.മി. കനത്തിന് പകരം 8 സെ.മീ. മാത്രമേ കനമുള്ളൂവെന്ന് സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 22/2019-20 തീയതി 21.02.2022) മറുപടി ലഭ്യമാക്കിയില്ല. ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന്റെ സ്ഥലത്തിന്റെ അളവ് സംബന്ധിച്ച്

റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് കൃത്യമായ രേഖകൾ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്. കെട്ടിട നിർമ്മാണം 2011-ലെ കേരളപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ട തും അല്ലാത്തപക്ഷം ക്രമവത്ക്കരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതിനുശേഷം കെട്ടിടം ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തുറന്ന കിണറിന് പകരമായുള്ള ബദൽ മാർഗ്ഗങ്ങളും കണ്ടെത്തേണ്ടതാണ്. സ്റ്റെയർകേസിന് കൈവരി, കമ്പികൾക്ക് ഡെമ്മി കോളം തുടങ്ങിയ പ്രവൃത്തികൾ ചെയ്യേണ്ടതാണ്. ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. ഈ കാര്യങ്ങളിൽ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-21 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സംക്ഷിപ്തം പ്രകാരം 31,42,168/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൗണ്ടുകളിലായി 1978-79 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കാലാവധി കഴിഞ്ഞതിൽ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ KFC ആർട്ടിക്കിൾ 281, 282 പ്രകാരം മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാ ണ്.

## 1-22 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2019-20 വർഷത്തെ മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം പ്രകാരം മുൻകാലങ്ങളിലെ പല മുൻകൂറുകളും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| വർഷം | തീയതി | ആർക്ക് നൽകി | ആവശ്യം | തുക |
|---|---|---|---|---|
| 2011-12 | 26.06.11 | HMCഹോമിയോ ഡിസ്പെൻസറി മേമുണ്ട | പുതിയ ഓഫീസ് ഉദ്ഘാടനം | 10,000 |
| 2015-16 | 26.03.16 | ICDS സൂപ്പർവൈസർ | - | 17,000 |
| 2016-17 | 26.05.16 | കൺവീനർ, പ്രീമൺസൂൺ കാമ്പയിൻ | - | 10,000 |
| 2015-16 മുതൽ 2017-18 വരെ | - | സാക്ഷരതാ പ്രേരക് മാർക്ക് | - | 1,85,750 |

| | | | | |
|---|---|---|---|---|
| 2017-18 | 12.03.18 | ICDS സൂപ്പർവൈസർ | ബഡ്സ് സ്കൂളിലേക്ക് ഭക്ഷണം | 26,547 |

മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും, ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/19-20, തീ-18.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെക്കൊടുക്കുന്നു.

1)നേന്ത്ര വാഴക്കന്ന് വിതരണവും ജൈവവള വിതരണവും - പ്രൊജക്ട് പ്രകാരം ലഭ്യമാക്കിയ , വാഴക്കന്ന് , ജൈവവളം എന്നിവ വിതരണംചെയ്തതിന് രേഖകളില്ല .

പ്രൊജക്ട് നമ്പർ- 19/20

വകയിരുത്തിയ തുക- 115140

ചെലവുതുക- 115140 (ബിൽ നമ്പർ 7/19-20 തി 4.1.20- 45450

8/19-20 തി 20.3.20-54540)

വാഴകൃഷി വികസന പദ്ധതിയിൽ 270 രൂപ വിലയുള്ള 15 കന്നുകൾ ഒരു യൂണിറ്റായി ആകെ 3030 കന്നുകൾ 300 രൂപ വിലയുള്ള ജൈവവളം 15 കിലോ ഒരു യൂണിറ്റിന് എന്ന കണക്കിൽ 3030 കന്നുകൾക്ക് വിതരണം ചെയ്യാൻ നിഷ്കർഷിച്ച പ്രൊജക്ട് പ്രകാരം കാർഷിക കർമ്മസേന നാദാപുരത്തുന്നിന്നും 3030 വാഴക്കന്നുകളും വാഴക്കന്നുകൾക്കാവ ശ്യമായ ജൈവവളങ്ങളും വില്യാപ്പള്ളി സർവീസ് സഹകരണ ബാങ്ക് മുഖേനയും വാങ്ങിയിട്ടുണ്ട്. ആയതിൽ കാർഷിക കർമ്മസേന നാദാപുരത്തുനിന്നും വാങ്ങിയ വാഴകന്നുകളുടെ കാഷ് ബിൽ, സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയതല്ലാതെ വാഴകന്നുകളുടെയും, ജൈവവളത്തിന്റെയും വിതരണ വിവരം, അംഗീകൃത ഗുണഭോക്തൃലിസ്റ്റ്, പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ വിവരം, വാങ്ങിയ വളത്തിന്റെ കാഷ്ബിൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2)കിണർ റീ ചാർജ് -പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത

പ്രൊജക്ട നമ്പർ - 147/20

വകയിരുത്തിയ തുക- 888800

ചെലവുതുക- 194400 (ബിൽ നമ്പർ 13/19-20 തി 30.3.20-14400)

14/19-20 തി 30.3.20- 90000

51/19-20 തി 19.8.19-90000

കൃഷി ഓഫീസർ നിർവഹണം നടത്തിയ കിണർ റീചാർജ് പ്രൊജക്ട പ്രകാരം കിണർ റീചാർജ് ചെയ്യുന്നതിന് 27 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓവർസിയർ ലഭ്യമാക്കിയ വാല്യോഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും തുക കൈമാറിയതല്ലാതെ ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്ക ളുടെ ഭവനം സംബന്ധിച്ച വിവരം, ജി.ഒ.എം.എസ്.22/18 ത.സ്വ.ഭ.വ.തി 14.2.18ഖണ്ഡിക 6.5.(3) നിഷ്കർഷിച്ച പ്രകാരം ആയതിന്റെ എസ്റ്റിമേറ്റ് , പ്രൊജക്ടിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്.

തെങ്ങിന് ജൈവവള വിതരണം --ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല .

പ്രൊജക്ട് നമ്പർ- 17/19-20

വകയിരുത്തിയ തുക- 983790

ചെലവുതുക- 777151 (ബിൽ നമ്പർ 5/19-20 തി 4.1.20- 274725

6/19-20തി 4.1.20 -265478

10/19-20 തി 30.3.20 -42660

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കേരകർഷകർക്ക് തെങ്ങിന് ജൈവവളം ഇനത്തിൽ വില്യാപ്പള്ളി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് മുഖേന വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയതിനുള്ള തുക ബാങ്ക് സെക്രട്ടറിക്ക് കൈമാറിയതിന്റെ രേഖകളല്ലാതെ ബാങ്കിന്റെ കാഷ്ബിൽ, വേപ്പിൻ പിണ്ണാക്ക് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് , പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ രേഖകൾ, വേപ്പിൻപിണ്ണാക്കിന് വില നിർണയിച്ചതിന്റെ രേഖകൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-24 ജലനിധി എകൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് - വിശദവിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജലനിധി പദ്ധതി പ്രകാരം 31 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 9 എണ്ണം വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അവശേഷിക്കുന്ന 22 പ്രൊജക്ടുകളും പൂർത്തീകരിച്ച് എക്സിറ്റായതായി പഞ്ചായത്തിൽ നിന്നും അറിയിച്ചു. പദ്ധതികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ ജലനിധി പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 25.12.21 ൽ പ്രസ്തുത അക്കൗണ്ടിൽ 3155276 രൂപ നീക്കിയിരിപ്പ് കാണുന്നു. ആയതിന് ശേഷം അക്കൗണ്ടിൽ നിന്നും നാളിതുവരെ ഇടപാടുകൾ ഒന്നുംതന്നെ നടന്നതായി കാണുന്നില്ല. ജലനിധി പദ്ധതികൾ പൂർത്തീകരിച്ചിട്ടും ബാങ്ക് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പായവശേഷിച്ചതിന്റെ കാരണം വിശദമാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുകയിൽ നടപ്പിലാക്കാതെപോയ 9 പദ്ധതികളിൽ ഏതെങ്കിലും എണ്ണത്തിന് വന്ന സർക്കാർ ഷെയർ (ജി.ഒ.കെ ഷെയർ), ഗ്രാമപഞ്ചായത്ത് ഷെയർ എന്നിവ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. അതേപോലെ തന്നെ എക്സിറ്റായ പദ്ധതികൾക്ക് ബന്ധപ്പെട്ട ബെനിഫിഷ്യറി ഗ്രൂപ്പുകൾക്ക് ചെലവുവന്ന തുകകഴിച്ച് ബാക്കിതുക തിരികെ അടവാക്കിയതുകയും ഉൾപ്പെടാൻ സാധ്യതയുണ്ട്. ജലനിധി എകൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഏതെല്ലാം ഇനത്തിൽ ഉൾപ്പെടുന്നു എന്നതിന്റെ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ സർക്കാർ ഷെയർ, ഗ്രാമപഞ്ചായത്ത് ഷെയർ, ഏതെങ്കിലും ബെനിഫിഷ്യറി ഗ്രൂപ്പുകൾക്ക് തുക നൽകാനുണ്ടെ ങ്കിൽ ആയത്, പലിശ ഇനത്തിലുള്ള വരവ്, മറ്റ് വരവുകൾ എന്നീ ഇനങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഇനം തിരിച്ച് കണ്ടെത്തി മറ്റ് സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക നൽകി ശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 1-25 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക്മാർക്ക് ടി.എ, ഹോണറേറിയം, എന്നീ ഇനങ്ങളിൽ നൽകിയ, താഴെ വിവരിക്കും പ്രകാരമുള്ള 1,85,750/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റ് അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്

| | |
|---|---|
| 2015-16 | 53,100 |
| 2016-17 | 1,27,000 |
| 2017-18 | 5,650 |
| ആകെ | 1,85,750 |

ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക, തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ഒന്നാം ഗഡു ലഭിച്ച് രണ്ടു വർഷത്തോളമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | ലൈഫ് രണ്ടാം ഘട്ടം- തുടർച്ചപ്രൊജക്റ്റ് നം.230/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി)- 3,00,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1,00000/-<br>ആകെ-4,00,000/- |
| ചെലവ് | 37/2019-21/30.03.2020-40,000/-<br>ആകെ-40,000/- |

ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 13.03.2020-ന് കരാറിലേർപ്പെട്ട് ഒന്നാം ഗഡുവായി 30.03.2020-ന് 40,000/-രൂപ കൈപ്പറ്റിയ ശ്രീമതി സുസ്മിത നിധീഷ് എന്ന ഗുണഭോക്താവ് നാളിതുവരെ മൂന്ന് ഗഡുക്കളായി 3,00000/- രൂപ കൈപ്പറ്റിയെങ്കിലും ഭവനം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം ഗുണഭോക്താവ് ഒന്നാംഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 18/2019-20/21.02.2022) മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഗുണഭോക്താവിന് നിർദ്ദേശം നൽകി ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക 40,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്ന് കൃത്യമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

1-27 എം.സി.എഫ്- അടിസ്ഥാനസൌകര്യങ്ങളും തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങളുമില്ലാതെ പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എം.സി.എഫ് കെട്ടിട നിർമ്മാണം(പ്രോജക്റ്റ് നം.193/2019-20) |
| കോൺട്രാക്റ്ററുടെ പേര് | തൃക്കോട്ടൂർ ലേബർകോൺട്രാക്റ്റേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി |
| അടങ്കൽ തുക | സംസ്ഥാനാവിഷ്കൃത ഫണ്ട് അവാർഡ്-10,00000/-<br>തനത് ഫണ്ട്-1,00000/- |
| ചെലവ് | 2019-20-ഇല്ല<br>2020-21-10,98,881/- |
| എം.ബുക്ക് നം | 181/2019-20,240/2019-20,242/2019-20,261/2020-263/2020-21 |
| കരാർ | വി.പി/19//18-19/16.01.2019 |

| | |
|---|---|
| പൂർത്തീകരണ കാലയളവ് | ഒരു വർഷം |

1) എം.സി.എഫ്-ൽ വെള്ളവും വൈദ്യുതിയും ഇല്ല

04.03.2020- ൽ തുടങ്ങിയ കെട്ടിടനിർമ്മാണ പ്രവൃത്തി 14.10.2020 -ന് പൂർത്തീകരിച്ച് 16.10.2020-ന് ഉദ്ഘാടനം നടത്തുകയും നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്ന എം.സി.എഫ്-ൽ നിലവിലും വെള്ളവും വൈദ്യുതിയും ഇല്ല . 2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.5.1 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഒരു കെട്ടിടനിർമ്മാണ പ്രവർത്തിയുടെ കാര്യത്തിൽ കെട്ടിടനിർമ്മാണം, അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫി ക്കേഷൻ, പ്ലമ്പിംഗ് എന്നിവയ്ക്ക് എല്ലാം കൂടി ഒറ്റ പ്രൊജക്ട് തയ്യാറാക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യാതെ 2020-21-ൽ കെട്ടിടം വൈദ്യുതീകരണത്തിനായി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും നിലവിലും പ്രവൃത്തി നടത്തിയിട്ടില്ലായെന്ന് 17.02.2022-ന് പഞ്ചായത്ത് അധികൃതരൊടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ നിലവിലും എം.സി.എഫി-ലെ നാല് ശുചിമുറികളിൽ വെള്ളം ലഭ്യമല്ല( ഒരെണ്ണത്തിന് അടുത്ത വീട്ടിൽ നിന്ന് വെള്ളം ലഭ്യമാക്കുന്നുണ്ടെന്ന് ഹരിത കർമ്മസേന പ്രവർത്തകർ പരിശോധന വേളയിൽ അറിയിച്ചിട്ടുണ്ട്). വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ എം.സി.എഫ്-ന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പ്ലാസ്റ്റിക്ക് ബേലിംഗ് യൂണിറ്റ് വാങ്ങി സ്ഥാപിക്കുന്നതിനും സാധിച്ചിട്ടില്ല.

2)തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കിയില്ല

സ.ഉ(ആർ.ടി)113/2021/തസ്വഭവ തീയതി 16.01.2021, സർക്കുലർ നം. 4/ഡിസി1/ 2021/തസ്വഭവ തീയതി 11.10.2021, സർക്കുലർ നം.ഡബ്യൂ.എം.1/40/2022/02.02.2022 എന്നിവ പ്രകാരം എം.സി.എഫുകളിൽ ഒരുക്കേണ്ട തീപിടുത്ത മുൻകരുതൽ സംവിധാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കുക, ഫയർ ഓഡിറ്റ്, ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുക, 250-500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, പ്രഷർ പമ്പ് സ്ഥാപിക്കുക, തീപ്പിടുത്തമുണ്ടാകുമ്പോൾ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് മുഖേന ഹരിത കർമ്മസേന പ്രവർത്തകർക്ക് പരിശീലനം നൽകുക , പാഴ്വസ്തുക്കൾ സമയബന്ധിതമായി നീക്കം ചെയ്യുക എന്നീ കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടതാണ്. എന്നാൽ നിലവിലും എം.സി.എഫിൽ ജലവും വൈദ്യുതിയും ലഭ്യമായിട്ടില്ലാത്തതിനാൽ തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല പാഴ്വസ്തുക്കൾ എം.സിഎഫിലും പരിസരത്തും കൂട്ടിയിട്ടിരിക്കുന്നതായും സ്ഥലപരിശോധനവേളയിൽ കണ്ടു. എം.സി.എഫ് പ്രവർത്തി ക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് നിരാക്ഷേപപത്രം ലഭ്യമായിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 21/2019-20 തീയതി 21.02.2022) മറുപടി ലഭ്യമാക്കിയില്ല. എം.സി.എഫ് കെട്ടിടത്തിൽ വൈദ്യുതിയും ജലലഭ്യതയും ഉറപ്പുവരുത്തി എല്ലാ ശുചിമുറികളും ഉപയോഗപ്രദമാക്കേണ്ടതാണ്. ബേലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തീപ്പിടുത്ത മുൻകരുതൽ സംവിധാനങ്ങൾ അടിയന്തിരമായി ഒരുക്കിയും പാഴ് വസ്തുക്കൾ കൂട്ടിയിടാതെ യഥാസമയം നീക്കം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തിയും എം.സി.എഫ് പ്രവർത്തിക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല-

സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 134 അഗതി കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി,വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട്

വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട്( 2021-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീമിഷന്റെയും ഉത്തരവാദിത്വമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.03.2019-ലെ കെ.എസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ, ഭൂമി, വസ്ത്രം, ഭവന പുനരുദ്ധാരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 82,98,000/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ടിന്റെ (40 %-ന്റെ) ഒന്നാം ഗഡുവായി 8,44,339/-രൂപ അനുവദിക്കുകയും ആയത് സി.ഡി.എസ്.ന്റെയും അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു. (കനറാ ബാങ്ക് വില്ല്യാപ്പള്ളി ശാഖയിലെ 0748101105480 -ാം നമ്പർ അക്കൌണ്ടിൽ)അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിന് യഥാക്രമം 30,42,000/- ,1,66,500/-, 39,000/-രൂപ കുടുബശ്രീ ചലഞ്ച് ഫണ്ടും വീട്, വീട് പുനരുദ്ധാരണം, ഭൂമി തുടങ്ങിയവയ്ക്കായി യഥാക്രമം 36,00000/-,11,00000/-,200000/-രൂപ പദ്ധതി വിഹിതവുമാണ് വകയിരു ത്തേണ്ടത്.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധപ്പെട്ടു.

1)ഓഡിറ്റിന് സി.ഡി.എസ് ഹാജരാക്കിയ രേഖകൾ പ്രകാരം 25.08.2021 വരെ ഭക്ഷ്യ വിതരണത്തിന് 5,70,569/- രൂപയും ചികിത്സക്കായി 1,015/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ ഒന്നാം ഗഡുവായി ലഭിച്ച തുക പോലും പൂർണ്ണമായി ചെലവഴിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

2) മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകിയില്ല

കുടുംബശ്രീ മിഷന്റെ ലിസ്റ്റ് പ്രകാരം 9 ഗുണഭോക്താക്കൾക്ക് വീടിന് 36,00000/-രൂപ വകയിരുത്തിയെങ്കിലും സി.ഡി.എസ് ഓഡിറ്റിന് ഹാജരാക്കിയ ലിസ്റ്റ് പ്രകാരം 8 പേർക്കായി 32,00000/-രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾക്ക് നിലവിലും വീട് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (യഥാക്രമം 10%,15%) തൻ വർഷം ലഭ്യമായില്ല.

4) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടു ള്ള ഉപസമിതി പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് സമിതി മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (12/2019-20/19.02.2022- ന്) മറുപടി ലഭ്യമാക്കിയില്ല. അഗതി കുടുംബങ്ങളുടെ സമഗ്രവികസനത്തിലൂടെ 2021-22 ആകുമ്പോഴേക്കും അഗതി രഹിതകേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയിൽ നാളിതുവരെ അഗതികളുടെ ഏറ്റവും അടിയന്തിര ആവശ്യങ്ങളായ അതിജീവനാവശ്യങ്ങൾ (ഭക്ഷണം,ചികിത്സ,വിദ്യാഭ്യാസം) നിറവേറ്റുന്ന തിനു പോലും തുച്ഛമായ തുകയെ ചെലവഴിച്ചുള്ളൂ ( ആകെ അടങ്കലിന്റെ 18 %). കൂടാതെ നാല് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുമില്ല. അഗതികളുടെ സമഗ്രവികസനത്തി നായി അതിജീവനാവശ്യങ്ങൾക്കായി ലഭ്യമായ കുടുംബശ്രീ ചലഞ്ച് ഫണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും ഇനി ലഭിക്കുവാനുള്ള മുഴുവൻ തുകയും കുടുംബശ്രീമിഷനിൽ നിന്ന് ലഭ്യമാക്കി യഥാവിധി ഉപയോഗിക്കുന്നതിനും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. കൂടാതെ വീട്, വീട് പുനരുദ്ധാരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസത്തിനായുള്ള പഞ്ചായത്ത് പ്ലാൻഫണ്ട് പൂർണ്ണമായും വകയിരുത്തി ഉപയോഗപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യ ത്തിൽ കുടുബശ്രീമിഷന്റെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ മോണിറ്ററിംഗ് സമിതിയുടെയും ഭാഗത്തുനിന്ന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ

ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-29 അനർഹരായ ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണം പൂർത്തിയായില്ല

വി.ഇ.ഒ നടപ്പിലാക്കിയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിയിൽ അനർഹരായ ഗുണഭോക്താക്കൾ ഇടം പിടിച്ചതിനാൽ പദ്ധതി നിർവ്വഹണത്തിന്റെ അവസാനഘട്ടത്തിൽ അവരെ മാറ്റി പുതിയ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടി വന്നതിനാൽ പദ്ധതിയിൽ വകയിരുത്തിയ വിവിധ ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ലായെന്ന് 18.03.2020 -ലെ 28(2)-ലെ ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.വിശദാംശം താഴെ പറയുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ- പ്രൊജക്റ്റ് നം.22/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 7,50,000/-<br>ആകെ-7,50,000/- |
| ചെലവ് | 11/2019-21/29.02.2020-37500/-<br>12/2019-21/29.02.2020-37500/-<br>13/2019-21/29.02.2020-37500/-<br>14/2019-21/29.02.2020-37500/-<br>19/2019-21/29.02.2020-37500/-<br>20 /2019-21/29.02.2020-37500/-<br>21/2019-21/29.02.2020-37500/-<br>26 /2019-21/26.03.2020- 37500/-<br>28/2019-21/26.03.2020-37500/-<br>31/ 2019-21/26.03.2020-37500/-<br>33 /2019-21/26.03.2020-37500/-<br>34 /2019-21/26.03.2020-37500/-<br>35 /2019-21/26.03.2020-37500/-<br>ആകെ-4,87,500/- |

മേൽ പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ലിസ്റ്റിലെ പത്തിൽ ഒമ്പതുപേരും അനർഹരെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ കണ്ടെത്തിയതിനെ തുടർന്ന് പകരം ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നിർവ്വഹണം നടത്തിയതിനെ തുടർന്ന് 5 ഗുണഭോക്താക്കളുടെ മേൽക്കൂര മാറ്റിവയ്ക്കാനും മറ്റ് മൂന്ന് പേർക്ക് മുൻകൂർ നൽകുവാനും മാത്രമേ തൻവർഷം സാധിച്ചുള്ളൂ. ആയതിനാൽ പദ്ധതിക്കായി വകയിരുത്തിയ വിഹിതം2,62,500/- ലാപ്സായി. 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ(സ.ഉ(കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018) ഖണ്ഡിക 11.3 പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിരുന്നുവെങ്കിൽ പദ്ധതി ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തി ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നു. ഈ വിഷയം സംബന്ധിച്ച അന്വേഷണകുറിപ്പിന് (നം.13/2019-20/19.02.2022) -ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിൽ അനർഹരായ ഗുണഭോക്താക്കൾ കടന്നുകൂടുന്നത് ഒഴിവാക്കുന്നതിന് കൃത്യമായ ഫീൽഡ് സർവ്വേ നടത്തേണ്ടതും ലിസ്റ്റ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധികരിക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതി യും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

### 1-30 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ

അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-01-2018 ലെ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 33 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 23 |
| ചുറ്റുമതിൽ മുഴുവനായ് ഇല്ലാത്ത അങ്കണവാടികൾ | 19 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 3 |
| ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികൾ | 31 |

വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 1366 ആണ്. 33 അങ്കണവാടികളിലായ് 708 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമി ല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത 31 അങ്കണവാടികളുണ്ട്. കുടിവെള്ള സൗകര്യം, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. 2019-210 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2,50,000/- രൂപ (തനത് ഫണ്ട്) വകയിരുത്തി അങ്കണവാടികളുടെ ആധുനികവത്കരണം എന്ന പദ്ധതി വിഭാവന ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 I.S.O. അംഗീകാരം നേടൽ -പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകത

പ്രൊജക്ട് നമ്പർ - 219/20

വകയിരുത്തിയ തുക- 300000

നിർവഹണം - സെക്രട്ടറി

ചെലവുതുക- 99760 (Order No91/30.10.19 -54750

113/4.12.19- 16000

133/18.12.19- 18500

149/18.1.20- 10510

ഗ്രാമപഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമമായി നൽകുന്ന തരത്തിലേക്ക് പഞ്ചായത്തിനെ മാറ്റി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കുന്നതിനും , സാധന സാമഗ്രികൾ വാങ്ങിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രൊജക്ട് പ്രകാരം താഴെപറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്.

| ഇനം | വാങ്ങുന്നഎണ്ണം | വകയിരുത്തിയ തുക |
|---|---|---|
| മേശ | 1 | 15000 |
| കസേര | 10 | 50000 |
| റാക്ക് | 4 | 100000 |
| കമ്പ്യൂട്ടർ | 1 | 40000 |
| സ്കാനർ | 1 | 25000 |
| ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ | 1 | 35000 |
| ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ് | 1 | 30000 |

| | | |
|---|---|---|
| കസേര | 1 | 15000 |
| ആകെ | | 300000 |

പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ പ്രൊജക്ടിൽ നിഷ്കർഷിച്ച സാധനങ്ങളൊന്നും വാങ്ങാതെ മൾട്ടി വുഡ് സ്റ്റിക്കർ ബോർഡുകൾ സ്ഥാപിക്കുന്നതിനാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്. സാമ്പത്തിക വർഷം പ്രൊജക്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങിയ സാധനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| വാങ്ങിയ ഉപകരണങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് | 54750 |
| അലമാര | 16000 |
| കോറഗേറ്റഡ് ബോക്സുകൾ, ഫയർ എസ്റ്റിംങ്ങ് ഗ്വിഷർ | 10510 |
| മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് | 18500 |

തുടർ സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്ടിൽ നിന്നും സ്പിൽ ഓവറായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. മേൽ ചെലവിനങ്ങളിൽ സാമ്പത്തിക വർഷം 54750 രൂപ ചെലവഴിച്ച് വാങ്ങിയ മൾട്ടി വുഡ് സ്റ്റിക്കർ ബോർഡ് ശ്രീ. ബിജേഷ് .സികെ എന്നആൾ മുഖേന ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങിയത്. ടിയാൻ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 11 ഇനം ബോർഡുകൾക്ക് 54750 രൂപ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് 54000 രൂപക്ക് ചെയ്തുതരാൻ തയ്യാറാണെന്ന് ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെ കരാറുകാരന് 54750 രൂപ തന്നെ നൽകിയതുവഴി 750 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. പ്രൊജക്ടിൽ നിഷ്കർഷിച്ച സാധനങ്ങൾ വാങ്ങാതെ മറ്റുസാധനങ്ങൾ വാങ്ങിക്കുന്നതിന് മുമ്പ് പ്രൊജക്ട് റിവൈസ് ചെയ്തതായും കാണുന്നില്ല. അപാകതകൾക്ക് കാരണംവിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തയ്യാറാക്കുമ്പോൾ പ്രൊജക്ട് പ്രകാരം ആവശ്യമായിവരുന്ന സാധനങ്ങൾ സംബന്ധിച്ച വ്യക്തത ഇല്ലാത്തതും, കരാറുകാരനിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ചപ്പോൾ ആയത് വ്യക്തമായി പരിശോധിക്കാതെ ചെലവുതുക നൽകിയതുമാണ് അപാകതക്ക് കാരണമായത് . അധികം നൽകിയ 750 രൂപ തിരികെ ഈടാക്കിയും, അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും പരാമർശം ഒഴിവാക്കാവുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 17.02.2022, 18.02.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,49,475 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,37,587 | 11,888 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,27,249 | കിണർ റീചാർജിംഗ് | 90,000 | 37,429 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4,49,475 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,37,587 | 11,888 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/08/2018 | - | 43,14,284 | 3,82,353 | -- | 39,31,931 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 5,939/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-4 | 5,939 | ശ്രീ.പി.പി.ബാലൻ, കോൺട്രാക്ടർ | 119010100050 തീ-05.04.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതു പരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. | നിലനിൽക്കുന്നു |
| 1999-2000 | 16 | 2003-04 | പൊതു പരാമർശം | കളിമൺ പാത്ര നിർമ്മാണ യൂണിറ്റ് | നിലനിൽക്കുന്നു |
| 1999-2000 | 2-1 | 2005-06 | പൊതു പരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് - കാലഹരണപ്പെട്ട തുകകളുടെ വിവരം | എൽ.എഫ്.എ. സി 2014-16(51) ഖ 38 പ്രകാരം തുക തിരികെ തിരികെ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെട്ടുത്തുന്ന മുറയ്ക്ക് ഒഴിവാക്കാൻ ശുപാർശ |
| 1999-2000<br>2000-2001<br><br>1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ - ക്രമക്കേട്.<br>2.വീട് റിപ്പയർ - പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | 3.കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണ പ്രവൃത്തി- കൺവീനർ മുൻകൂർ | |
| 2000-01 | 2-2 | 2006-07 | പൊതു പരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. | നിലനിൽക്കുന്നു |
| | 2-1 | | പൊതു പരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാ വ്യവസായ കേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 3-1 | 2016-17 | 4-8 | ഗവ.ഐ.ടി.ഐ സ്ഥാപിക്കൽ പഞ്ചായത്തിന് ബാധ്യത | നിലനിൽക്കുന്നു |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,30,78,368 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,12,41,684 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 750 | ശ്രീ.അൻസാർ.കെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 40,000 | ശ്രീമതി. വിനീത.പി, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപ നങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.അൻസാർ.കെ, സെക്രട്ടറി | സെക്രട്ടറി, കീഴരിയൂർ ഗ്രാമപഞ്ചായത്ത് | കുന്നത്ത്, പയ്യോളി അങ്ങാടി(പി.ഒ), കോഴിക്കോട്-673523 |
| ശ്രീമതി. വിനീത.പി, വി.ഇ.ഒ | വി.ഇ.ഒ, ചോറോട് ഗ്രാമപഞ്ചായത്ത് | കക്കറയിൽ, മടപ്പള്ളി കോളേജ്(പി. ഒ), കോഴിക്കോട്-673102 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

2018-19

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(3)/15-11-2011 | 3 | 14,16(2),17 |
| 1998-99 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(4) /15-11-2011 | 2 | 2-1,2-2 |
| 1999-00 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(5)/15-11-2011 | 1 | 2-1 സമാഹൃതം |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(6)/15-11-2011 | 3 | 15,16,24 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(4) തീ-08.07.2020 | 4 | 2-2ബി,2-2സി,2-3സി,3-4 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(9)/15-11-2011 | 2 | 2-1,2-3 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(3) തീ-08.07.2020 | 9 | 2-2,2-3,2-5,3-3,3-4,3-5, 3-6,3-9,3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(4) തീ-08.07.2020 | 1 | 3-4(A,C) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി10/ 668/21 തീ-15.04.2021 | 5 | 3-1,3-2,3-5,3-7സി,3-8 |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 1060/09/01-12-09 | 18 | 2-1,2-2,2-3,2-5,2-6, 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11, 3-12,3-14 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1559/16/31-08-2016 | 3 | 3-2,3-3,3-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1526/16/21-03-2017 | 9 | 2-8,3-1(1),3-1(3),3-2, 3-4,3-6,3-8,3-9,3-12 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി5/ 566/16/07-04-2016 | 15 | 3-3,3-5,3-6,3-7,3-8(1), 3-8(2),3-9,3-10, 3-11,3-12 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി5/567/ 16/08-04-2016 | 7 | 2-2,2-3,3-2,3-3,3-8,3-9,3-10 |
| 2010-11& 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി5/856/ 16/30-08-16 | 8 | 3-1,3-2,3-6,3-7,3-11, 3-13,3-14,3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി5/ 568/16/31-03-2016 | 4 | 3-4,3-5,3-6,3-8 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1297/16/26-07-16 | 9 | 3-1,3-2,3-5,3-8,3-10, 3-11,3-12,3-16, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2200/01-06-17 | 21 | 2-1,2-2,2-3,2-4,3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2031/2017/02.11.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,3-1,3-2,3-3,3-4, 3-5,3-6(1),3-6(2),3-7,3-8, 3-9,3-10,3-12,3-13,3-14,3-15, 3-16,3-17, 3-18,3-19,3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി10 /1365/2019 തീ- 02.07.2020 | 13 | 1-12,2-1,2-2,3-2, 3-3,3-4,3-5,3-6,3-8, 3-9,3-10,3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി10 /169/2020 തീ- 11.01.2021 | 29 | 1-6,1-7,1-8,1-9,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21, 1-22,1-23,1-24, 1-25, 1-26,1-27,1-28,1-29, 1-30,1-31,1-32,3-1,3-2,4-11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്